# സമന്വയ

## അതിരൂപത ബുള്ളറ്റിൻ

തിരുവനന്തപുരം ലത്തീൻ അതിരൂപത, വെള്ളയമ്പലം.

| പുസ്തകം 23 | ജൂലൈ 2018 | ലക്കം 7 |
| --- | --- | --- |

***രക്ഷാധികാരികൾ***

മോസ്റ്റ് റവ. ഡോ. സൂസപാക്യം, എം.

റൈറ്റ്. റവ. ഡോ. ക്രിസ്തുദാസ് ആർ.

***പത്രാധിപർ***

റവ.ഡോ.മൈക്കിൾ തോമസ്

***സഹപത്രാധിപർ***

ശ്രീ. പീറ്റർ കട്ടികാട്ട്

***പത്രാധിപ സമിതി***

റവ. ഡോ. എഡിസൺ വൈ.എം

റവ. ഫാ. ജൂഡിറ്റ് പയസ് ലോറൻസ്

റവ. ഡോ. ഡൈസൺ എം.

റവ. ഡോ. ലോറൻസ് കുലാസ്

റവ. ഫാ. എ.ആർ ജോൺ

റവ. ഫാ. ലെനിൻ രാജ്

റവ. ഫാ. ലെനിൻ ഫെർണാണ്ടസ്

ശ്രീ.ആർക്കാഞ്ചലോ.എം.

***കവർ & ലേ–ഔട്ട്***

ജീവജ്യോതി ഓഫ്സെറ്റ്

ലാറ്റിൻ ആർച്ച്ബിഷപ്സ് ഹൗസ്
വെള്ളയമ്പലം, കവടിയാർ പി. ഒ.
തിരുവനന്തപുരം - 695 003
ഫോൺ : 0471 - 2724001
ഫാക്സ് : 0471 - 2725001

## താളുകളിൽ

- യുവജനങ്ങളേ ഉണരൂ, ഉണർത്തൂ... (എഡിറ്റോറിയൽ)
- ആർച്ച് ബിഷപ്സ് ഡയറി - ജൂലൈ
- ബിഷപ്സ് ഡയറി - ജൂലൈ
- ചാൻസലറുടെ ഓഫീസിൽ നിന്ന്
- മെട്രോപ്പോലീറ്റൻ ട്രൈബ്യൂണൽ
- ബിസിസി
- അജപാലന ശുശ്രൂഷ
- കുടുംബപ്രേഷിത ശുശ്രൂഷ
- യുവജന ശുശ്രൂഷ
- വിദ്യാഭ്യാസ ശുശ്രൂഷ
- സാമൂഹ്യ ശുശ്രൂഷ
- അല്മായ ശുശ്രൂഷ

എഡിറ്റോറിയൽ

# യുവജനങ്ങളേ ഉണരൂ, ഉണർത്തൂ...

**യു**വജനങ്ങളുടെ മദ്ധ്യസ്ഥനായ സെന്റ് തോമസ് മൂറിന്റെ രക്തസാക്ഷി ദിനമാണ് ജൂലൈ 06; ഈ ദിവസം, അല്ലെങ്കിൽ അതിനടുത്തുവരുന്ന ഞായറാഴ്ച (ഈ വർഷം ജൂലൈ 08) യുവജന ദിനമായി ആഗോള കത്തോലിക്കാ സഭ ആചരിച്ചുവരുന്നു. ഈ വർഷത്തെ യുവജനദിനത്തിന് ഏറെ പ്രത്യേകതകളുണ്ട്.

യുവജനങ്ങളെക്കുറിച്ച് ചിന്തിക്കാൻ മാത്രമായി ഫ്രാൻസീസ് പാപ്പ വത്തിക്കാനിൽ ഈ വർഷം (2018) ഒക്ടോബറിൽ മെത്രാൻമാരുടെ ഒരു സിനഡ് വിളിച്ചുകൂട്ടുകയാണ്. ഇതിനു മുന്നൊരുക്കമായി, പാപ്പയുടെ നിർദ്ദേശപ്രകാരം ലോകമെമ്പാടുമുള്ള രൂപതകളിൽ നടന്നുവരുന്ന യുവജനവർഷ ആചരണം നമ്മുടെ അതിരൂപതയിൽ യുവജനം "സഭയോടൊത്ത് സമസ്ത മേഖലകളിലേയ്ക്കും" എന്ന ആപ്തവാക്യവുമായി വിവിധ പരിപാടികളോടെ നടന്നുവരികയാണ്. ഫെബ്രുവരി 10ന് അതിരൂപതാ തലത്തിലും മാർച്ച് 4ന് ഇടവകകളിലും യുവജന വർഷാചരണം ഉൽഘാടനം ചെയ്യപ്പെട്ടു. യുവജനവർഷത്തെ അനുസ്മരിപ്പിച്ചുകൊണ്ട് നമ്മുടെ ദേവാലയങ്ങളിൽ അൾത്താരയ്ക്കടുത്തായി ആദരപൂർവ്വം ഇതിന്റെ എംബ്ളം പ്രദർശപ്പിച്ചിട്ടുണ്ട്. അനുദിന ദിവ്യബലിയുടെ അവസാനം യുവജനവർഷ പ്രത്യേക പ്രാർത്ഥന ചൊല്ലുക, യുവജനങ്ങൾ തങ്ങളുടെ പോക്കറ്റിൽ സൂക്ഷിച്ചിട്ടുള്ള യുവജനവർഷ 'പോക്കറ്റ് പ്രയർ' ദിവസവും മൂന്നു പ്രാവശ്യം ചൊല്ലുക, ഇടവക തിരുനാളുകളിൽ യുവജന കേന്ദ്രീകൃത വിഷയങ്ങൾ വചനസന്ദേശമായി നല്കുക എന്നിങ്ങനെ ഒരുക്കങ്ങളും നടന്നുവരുന്നുണ്ട്.

ഈ ഒരുക്കങ്ങൾക്കൊപ്പം, നമ്മുടെ യുവജനങ്ങളെ സമസ്ത മേഖലകളിലും സഭയോടൊത്തു സഞ്ചരിക്കുന്നവരാകാൻ പ്രാപ്തരാക്കുന്നതിനുവേണ്ടി വിഭാവനചെയ്തിട്ടുള്ള പ്രവർത്തന പരിപാടികൾ ഫലപ്രദമാക്കുന്നതിനായി എല്ലാ ശുശ്രൂഷകളും കൈകോർത്ത് പ്രവർത്തിക്കുന്നതായി കാണുന്നത് ആശാവഹമാണ്. സമൂഹത്തിന്റെ സമസ്ത മേഖലകളിലേയ്ക്കും നമ്മുടെ യുവജനങ്ങളെ കൈപിടിച്ചു കടത്തിവിടുന്നതിന്, അവരുടെ ശരിയായ അവസ്ഥ മനസ്സിലാക്കുന്ന 'സമഗ്ര സർവ്വേ' കാര്യക്ഷമമായി നടത്താനും, സർവ്വേ നല്കുന്ന വിവരങ്ങളുടെ അറിവിൽ നിന്നുകൊണ്ട് യുവജനവർഷ അവസാനം നടത്താൻ പ്രതീക്ഷിക്കുന്ന 'അതിരൂപത യുവജന സിനഡ്' ഫലപ്രദമായി നടത്താനും



എല്ലാ വരുടെയും സഹകരണം ആവശ്യമാണ്. കാരണം, ഈ സിനഡിൽനിന്നാണ് നമ്മുടെ യുവജനങ്ങൾക്കായി പത്തു വർഷത്തേയ്ക്കുള്ള ഒരു ദീർഘകാല പദ്ധതി നാം ആവിഷ്ക്കരിക്കുക.

ഓഖി ദുരന്തത്തിൽ നമ്മുടെ ജീവിതാവസ്ഥയും, പ്രത്യേകിച്ച് നമ്മുടെ യുവജനങ്ങളുടെ ജീവിതത്തിലെ നന്മകളും കുറവുകളും പരിതാവസ്ഥകളും മാധ്യമങ്ങളിലൂടെ അനാവരണം ചെയ്യപ്പെട്ടുകഴിഞ്ഞു. അത്യാധുനികതയിലേയ്ക്ക് വളർന്നിട്ടുള്ള ലോകത്തിന്റെ എല്ലാ നന്മകളുടെയും അതിനോടൊപ്പം സകല വൈകല്യങ്ങളുടെയും സ്വാധീനമുള്ള 'വക്കു പൊട്ടിയതും ഓട്ട വീണതുമായ കുടങ്ങളാണ്' നമ്മുടെ യുവജനം എന്ന യാഥാർത്ഥ്യം മനസ്സിലാക്കിവേണം അവരോടുള്ള നമ്മുടെ സമീപനം. നേതൃത്വത്തിലുള്ള മുതിർന്നവർ യുവജനങ്ങളെ അവരുടെ തെറ്റുകുറ്റങ്ങളോടും പോരായ്മകളോടുംകൂടി സ്വീകരിച്ച് അവരെ അനുധാവനം ചെയ്യാനുള്ള സന്നദ്ധതയിലേയ്ക്ക് ഉയർന്നു ചിന്തിക്കണം.

നിലവിലുള്ള നമ്മുടെ യുവജന സംഘടനയിലേയ്ക്ക് പരമാവധി യുവജനങ്ങളെ കൊണ്ടുവരുന്നതിനും, പ്രത്യേകിച്ച്, ഒരിടത്തും ഇല്ലാതെ നിൽക്കുന്ന യുവജനങ്ങളെ ആകർഷിക്കുന്നതിനും ബോധപൂർവ്വകമായ ശ്രമം എല്ലാ ശുശ്രൂഷാ പ്രവർത്തകരിൽനിന്നും ഉണ്ടാകണം. ഇതിനായി അതിരൂപത-ഫൊറോന തലങ്ങളിൽ സംഘടിപ്പിക്കുന്ന പരിശീലന പരിപാടികൾ പ്രയോജനപ്പെടുത്താൻ എല്ലാവരുടെയും സംഘാതമായ ശ്രമം വേണം.

കേരള റീജണൽ ലാറ്റിൻ കാത്തലിക് കൗൺസിലിന്റെ (കെ.ആർ.എൽ.സി.സി) ജൂലൈ ജനറൽ അസംബ്ളി മുന്നോട്ടുവെയ്ക്കുന്ന 'വിദ്യാഭ്യാസ മുന്നേറ്റത്തിലൂടെ വികസിതസമൂഹം' എന്ന ലക്ഷ്യത്തിലും യുവജനങ്ങളെ മുഖ്യധാരയിലേയ്ക്കു കൊണ്ടുവരാനുള്ള ശ്രമമാണുള്ളത്. നമ്മുടെ ഭാവി പ്രതീക്ഷയായ യുവജനങ്ങളെ സമസ്ത മേഖലകളിലേയ്ക്കും കൈപിടിച്ചുയർത്തുന്നതിനായി ഈ യുവജന വർഷം നടന്നുവരുന്ന എല്ലാ പരിശ്രമങ്ങളോടും കൈകോർത്ത് പ്രേഷിത ദൗത്യത്തിൽ പങ്കാളികളാകാം.

**ഫാ. മൈക്കിൾ തോമസ്**
എഡിറ്റർ.

## ARCHBISHOP'S DIARY, JULY 2018

| | | | |
|---|---|---|---|
| 06 | FRI | 03.00 pm | Inauguration of "No One Left Alone", Family Ministry |
| 12 | THU to 15 SUN | | ***KRLCC General Assembly*** |
| 15 | SUN | 10.30 am | Pontifical Holy Mass with ***Cardinal Woelki***, Palayam |
| 16 | MON | 09.00 am | Visiting our Diocese with ***Cardinal Woelki*** |
| | | 06.00 pm till | PRESBYTERIUM |
| 17 | TUE | 1 pm | PRESBYTERIUM |
| 18 | WED | 03.30 pm | Inauguration of "Childline - Collab", T.S.S.S |
| 21 | SAT | 06.00 pm | HOME MISSION Conclusion, Vavamoola |
| 22 | SUN | 07.00 am | PASTORAL VISIT, ATTINGAL |
| | | 05.30 pm | Feast Day Eucharistic Celebration, Pangodu |
| 23 | MON | 06.00 pm | Feast Day Eucharistic Celebration, Bridgettines Convent |

**Fr. Shynish Bosco**
Secretary to Archbishop



## AUXILIARY BISHOP'S DIARY, JULY 2018

| | | | |
|---|---|---|---|
| 01 | SUN | 06.00pm | Feast Day Eucharistic Celebration, Valiathura |
| 02 | MON to 07 SAT | | ***Junior Bishops Training, Mumbai*** |
| 08 | SUN | 10.30am | Community Hall Blessing & Holy Mass, Kochuthura |
| | | 05.30 pm | Cemetery Blessing, Chambavu |
| 10 | TUE | 03.00 pm | PRIESTLY ORDINATION, IVD, Azhakulam |
| 12 | THU to 15 SUN | | ***KRLCC General Assembly*** |
| 15 | SUN | 10.30 am | Pontifical Holy Mass with ***Cardinal Woelki***, Palayam |
| 16 | MON | 09.00 am | Visiting our Diocese with ***Cardinal Woelki*** |
| | | 6.00 pm till | PRESBYTERIUM |
| 17 | TUE | 1pm | PRESBYTERIUM |
| 18 | WED to 21 SAT | | ***Visit, UAE*** |
| 22 | SUN | 09.30 am | Feast Day Eucharistic Celebration, Sreekaryam |
| | | 05.00 pm | Grotto Blessing, Ayroor |
| 29 | SUN | 09.30 am | Feast Day Eucharistic Celebration, Mariapuram |
| | | 05.30 pm | Feast Day Eucharistic Celebration, S. Kollemkode |

Fr. Shynish Bosco
Secretary to Archbishop

# JULY 2018

## BIRTHDAYS

| | |
|---|---|
| 1. Rev. Fr. Rajeesh V | 03.07.1971 |
| 2. Rev. Fr. Andrew IV Dei | 04.07.1977 |
| 3. Rev Fr. Joseph Thekkeparavelil OCD | 05.07.1984 |
| 4. Rev. Fr. Babu Robert OFM Cap | 05.07.1977 |
| 5. Rev. Fr. Lenin Antony Puthenveetil IVDei | 06.07.1989 |
| 6. Rev. Fr. Antony T.V., S.J. , | 07.07.1979 |
| 7. Rev. Fr .Antony Kurisingal OFM Cap | 12.07.1978 |
| 8. Rev. Fr. Darvin Fernandez A | 12.07.1987 |
| 9. Rev. Fr. Ajimon IVDei | 15.07.1985 |
| 10. Rev. Fr. Thadeus Arulappan | 15.07.1974 |
| 11. Rev. Fr. Thomas R. | 17.07.1976 |
| 12. Rev. Fr. Justin Alex | 18.07.1950 |
| 13. Rev. Fr. Davis Edakalathur SAC | 18.07.1963 |
| 14. Very Rev. Msgr. James Culas | 24.07.1951 |
| 15. Rev. Fr. Shibu Joseph S.J. | 24.07.1977 |
| 16. Rev. Fr. Sebastian Pallickal OSJ | 24.07.1973 |
| 17. Rev. Fr. Maria Michale F. | 29.07.1979 |

## ORDINATION DAYS

| | |
|---|---|
| 1. Rev. Fr. Moses Pereira | 01.07.1961 |
| 2. Rev. Fr. Jerome G. Fernandez | 11.07.1990 |
| 3. Rev.Fr.Napoleon Gomez IV Dei | 22.07.1991 |
| 4. Rev. Fr. Mathews Mukalayil CMF- | 30.07.2016 |
| 5. Rev.Fr. Joseph Chiraparambil, S.J | 31.07.1966 |

## DECEASED PRIESTS

| | |
|---|---|
| 1. Rev. Fr. P.X. Pulluvila | 01.07.1985 |
| 2. Rev. Fr. Ladislaus Mendez | 02.07.2010 |
| 3. Rev. Fr. Wilson L. D. | 03.07.1995 |
| 4. Rev. Fr. Rayappan Paruthiyil | 09.07.2000 |
| 5. Rev. Fr. Clarence C. Fernandez | 13.07.1988 |
| 6. Rev. Fr. Stellus J. | 16.07.1997 |
| 7. Rev. Fr. Patrick D'Cruz | 24.07.2008 |



## PERPETUAL DAY ADORATION

| | |
|---|---|
| 1. St. Catherine's Church, Puthenthura | 01.07.2018 |
| 2. Carmel Hill Monastery, Trivandrum | 16.07.2018 |
| 3. Stella Maris Convent, Puthenthope | 16.07.2018 |
| 4. St. James Church, Thazhampally | 22.07.2018 |
| 5. St. Antony's Forane Church, Valiathura | 23.07.2018 |

## Appointments & Relieving Orders

Rev. Fr. Anto Dickson S. – appointed Parish Priest, St. Christopher Church, Chavadimukku,, effect from 1st July 2018

Rev. Dr. Augustine John – appointed Parish Priest, St. Mary Magdalene Church,Paruthiyoor, effect from 1st July 2018

Rev.Dr. Gladin Alex - appo inted parish priest, Good Shepherd Church, Thrikannapuram.

Very Rev. Msgr. Dr. Joseph Chinnayyan – appointed Parish Priest, St. Thomas Aquinas Church, Kochuthura, Pallithura effect from 8th July 2018

Rev.Fr.Paulose Vazhakala OCD - Relieved from parish priest, Good Shepherd Church, Thrikannapuram.

Rev. Fr. Santhappan M– appointed Parish Priest, St. Andrew's Church,Karumkulam, effect from 1st July 2018

Rev. Fr. Stanislaus Theesmas – appointed Rector and Parish Priest,St. Jude's Shrine, Killipalam, effect from 1st July 201

**Rev. Dr. Edison Y. M.**
Chancellor

## Metropolitan Tribunal News
## June - 2018

| | | |
|---|---|---|
| Number of Cases at the beginning of 2018 June | - | 226 |
| Received Cases in the Month of June | - | 010 |
| Total | = | 236 |

Decreed Cases - 03

Balance Cases = 236-03 = 233

## Decreed Cases –03

1. Case No: MTLAT/52/2017 between Neethu Ignatius and Manu Augustine
2. Case No: MTLAT/21/2016 between Lissy and Robin
3. Case No: MTLAT/52/2017 between Sebastian Paul and Raji Justin

**Fr. Jose G.**
Judicial Vicar

***ആനിമേറ്റർമാരുടെ ശ്രദ്ധയ്ക്ക്***

'സമന്വയ' ബുള്ളറ്റിനിലെ പ്രസിദ്ധീകരണത്തിനായി ഫെറോന ആനിമേറ്റർമാർ തങ്ങളുടെ ഉത്തരവാദിത്വത്തിലുള്ള 2/3 ശുശ്രൂഷകളുടെയും വാർത്തയും റിപ്പോർട്ടുകളും ശുശ്രൂഷതിരിച്ച് തയ്യാറാക്കി ലഭ്യമാക്കേണ്ടതാണ്.



# ബിസിസി

### അതിരൂപതാതലം

**പ്രേഷിത കുരിശിന്റെ പ്രയാണ സമാപനവും ഹാർട്ട് ടു ഹാർട്ട് പ്രേഷിത ബന്ധവും**

2017 ഒക്ടോബറിൽ വല്ലാർപാടത്തു നടന്ന മിഷൻ കോൺഗ്രസ് – ബി.സി.സി. കൺവെൻഷന്റെ തുടർ പ്രവർത്തനങ്ങളുടെ ഭാഗമായി പ്രേഷിത കുരിശിന്റെ പ്രയാണം എല്ലാ രൂപതകളിലും നടത്തിവരുന്നു. നമ്മുടെ അതിരൂപതയിൽ മാർച്ച് 3-ാം തീയതി അഞ്ചുതെങ്ങ് ഫെറോനയിൽനിന്നും ആരംഭിച്ച പ്രേഷിത കുരിശിന്റെ പ്രയാണം അതിരൂപതയിലെ എല്ലാ ഇടവകകളിലും പൂർത്തിയാക്കി ജൂൺ 23 ന് പാളയം ഭദ്രാസന ദൈവാലയത്തിൽ എത്തിച്ചേർന്നു. ഇതിന്റെ അതിരൂപതാതല സമാപനം ജൂൺ 24 ഞായറാഴ്ച പാളയം ഭദ്രാസന ഇടവകയിൽ വച്ച് സമുചിതമായി നടത്തുകയുണ്ടായി.

പ്രേഷിത കുരിശിന്റെ പ്രയാണ സമാപനത്തോടനുബന്ധിച്ച് ജൂൺ 24 ന് നടത്തിയ പഠനക്കളരി ഉച്ചക്ക് 2.30 ന് പുല്ലുവിള ഫെറോന സമിതി അംഗങ്ങളുടെ പ്രാർത്ഥനയോടുകൂടി ആരംഭിച്ചു. പ്രേഷിത കുരിശിന്റെ രൂപതാ ജനറൽ കൺവീനർ ശ്രീ. ജാക്സൺ ഫെൻസിംഗ് വേദിയിലിരുന്ന വിശിഷ്ടാഥിതികളെയും സദസിലിരുന്ന ഏവരെയും സ്വാഗതം ചെയ്തു. അതിരൂപതാ സഹായ മെത്രാൻ റൈറ്റ് റവ. ഡോ ക്രിസ്തുദാസ് തിരി തെളിച്ച് സെമിനാർ ഉദ്ഘാടനം ചെയ്തു. നമ്മുടെ സേവനം ആവശ്യമുള്ളവർ നമുക്ക് ചുറ്റും മാത്രമല്ല, അകലെയുള്ളവർക്കും ആവശ്യമുണ്ട് എന്ന് പിതാവ് പറഞ്ഞു. നാം ഓരോരുത്തരും യേശുവിനെ പകർന്നു നൽകാൻ വിളിക്കപ്പെട്ടവരാണെന്ന് ഉദ്ബോധിപ്പിച്ചു.

തിരുവനന്തപുരം അതിരൂപത ഹാർട്ട് ടു ഹാർട്ട് പ്രേഷിത ബന്ധം സ്ഥാപിച്ചിരിക്കുന്ന ഈറ്റാനഗറിൽ 6 വർഷം പ്രേഷിത പ്രവർത്തനം നടത്തിയ റവ. ഫാ. റൈറ്റസ് പച്ചയായ ജീവിതാനുഭവങ്ങൾ പങ്കുവച്ചപ്പോൾ രൂപതാ പ്രതിനിധികൾക്ക് ഊർജ്ജവും

ആവേശവും ഉണർവും കിട്ടി. ഇത് ഒരു പ്രോത്സാഹനമായിരുന്നു.

കെ.ആർ.എൽ.സി.സി. സംസ്ഥാന റിസോഴ്സ് ടീം അംഗമായ ശ്രീ. പ്ലാസിഡ് ഗ്രിഗറി പ്രേഷിത കുരിശിന്റെ പ്രയാണം നമ്മുടെ രൂപതയിൽ നടന്നത് കേരളത്തിലെ മറ്റ് രൂപതകളിൽ നിന്നും വളരെ വ്യത്യസ്തമായ രീതിയിലായിരുന്നുവെന്ന് വിലയിരുത്തി. അത് കുരിശിന്റെ ഒരു വലിയ അത്ഭുതം തന്നെയാണ്. ഇതിലൂടെ കുരിശിനോടുള്ള സ്നേഹവും ആദരവും കൂടുകയും ക്രൂശിതൻ നൽകുന്ന പ്രേഷിതദൗത്യത്തിലേക്ക് നമ്മേ ക്ഷണിക്കുകയും കൂടുതൽ പ്രേഷിതാഭിമുഖ്യമുള്ളവരാക്കുകയും ചെയ്യുന്നുവെന്ന് അഭിപ്രായപ്പെട്ടു.

ഓരോ ഇടവകയിലും പ്രേഷിത കുരിശിനെ ഏറ്റെടുത്തപ്പോൾ അത് നമ്മുടെ തന്നെ ഒരു സാക്ഷ്യപ്പെടുത്തലായിരുന്നുവെന്ന് രൂപതാ ശുശ്രൂഷാ കോർഡിനേറ്റർ ഫാ. മൈക്കൾ തോമസ് പറഞ്ഞു. ഇന്നത്തെ ഈ കൂടിവരവിന്റെ ഉദ്ദേശലക്ഷ്യം ഹാർട്ട് ടു ഹാർട്ട് ലിങ്കേജ് വഴി ഈറ്റാനഗർ രൂപതയുമായുള്ള പ്രേഷിതബന്ധം ആരംഭിക്കുന്നതിനും, അതിനുവേണ്ടി ഒരു ടീമിനെ രൂപീകരിക്കുന്നതിനും വേണ്ട ക്രമീകരണങ്ങൾ സ്വീകരിക്കുന്നതിനുമാണ് എന്ന് ഓർമ്മിപ്പിച്ചു. പാളയം ഫെറോന ബി.സി.സി. ആനിമേറ്റർ ശ്രീ. സെബാസ്റ്റ്യൻ എല്ലാവർക്കും നന്ദി പറഞ്ഞു. തുടർന്ന് എല്ലാവരും പ്രേഷിത കുരിശിന്റെ പ്രയാണം സമാപനം കുറിച്ചുകൊണ്ട് വൈകുന്നേരം 5 മണിക്ക് അതിരൂപതാ മെത്രാപ്പൊലീത്ത മോസ്റ്റ് റവ. ഡോ. സൂസപാക്യം, സഹായ മെത്രാൻ റൈറ്റ് റവ. ഡോ. ക്രിസ്തുദാസ്, മറ്റു വൈദികർ ഒന്നു ചേർന്ന് അർപ്പിച്ച പൊന്തിഫിക്കൽ ദിവ്യബലിയിൽ വൈദികർ, സന്യസ്തർ, ഇടവക പ്രതിനിധികൾ, മരിയസൈന്യ അംഗങ്ങൾ, അതിരൂപതാതല യുവജന ശുശ്രൂഷാ ഭാരവാഹികൾ, കരിസ്മാറ്റിക് കൂട്ടായ്മ പ്രതിനിധികൾ ഉൾപ്പെടെ 650 ൽ ഏറെ പേർ പങ്കെടുത്തു.

**അതിരൂപതാ ഹോം മിഷൻ സിസ്റ്റേഴ്സ് 2018 – 19 ബാച്ചിന്റെ പരിശീലനം**

അതിരൂപതയിൽ കുടുംബങ്ങൾ കേന്ദ്രീകരിച്ച് ഫലപ്രദമായി



നടത്തിവരുന്ന ഹോം മിഷൻ പ്രവർത്തനങ്ങളിൽ സഹായിക്കുന്ന സമർപ്പിതരുടെ രണ്ടാമത്തെ ബാച്ചിന്റെ പരിശീലനം മേയ് 28 മുതൽ ജൂൺ 5 വരെ വെള്ളയമ്പലം ആനിമേഷൻ സെന്ററിൽ വച്ച് നടത്തുകയുണ്ടായി. അതിരൂപതാ സഹായമെത്രാൻ റൈറ്റ് റവ. ഡോ. ക്രിസ്തുദാസ് ഉദ്ഘാടനം ചെയ്ത പരിശീലന പരിപാടിയിൽ അതിരൂപതാ മെത്രാപ്പൊലീത്ത മോസ്റ്റ് റവ. ഡോ. സൂസപാക്യം, സമർപ്പിതർ ത്യാഗപൂർവ്വം ചെയ്യുന്ന ഏറെ പ്രാധാന്യമർഹിക്കുന്ന കുടുംബകേന്ദ്രീകൃത ശുശ്രൂഷയെ അഭിനന്ദിക്കുകയും അതിരൂപതയുടെ പേരിലുള്ള നന്ദി അറിയിക്കുകയും ചെയ്തു.

മോൺ. ജെയിംസ് കുലാസ്, അതിരൂപതാ ശുശ്രൂഷാ ഡയറക്ടർമാരായ റവ. ഡോ. മൈക്കൾ തോമസ്, റവ. ഡോ. ലോറൻസ് കുലാസ്, റവ. ഫാ. ലെനിൻ രാജ്, റവ. ഡോ. ഡൈസൻ, റവ. ഫാ. ലെനിൻ ഫെർണാണ്ടസ്, റവ. ഡോ. ഗ്ലാഡിൻ അലക്സ്, റവ. ഫാ. ജോസ് ജി., ശ്രീ. ആർക്കാഞ്ചലോ, റവ. ഫാ. സജി ജോസഫ് SJ, റവ. ഡോ. ചാൾസ് ലിയോൺ, റവ. ഫാ. പോൾ സണ്ണി, റവ. ഫാ. ജോയ് ജെയിംസ് SJ, റവ. ഫാ. തോമസ് SDB, റവ. ഫാ. സൈറസ് കളത്തിൽ, റവ. ഫാ. ആബേൽ OFM, റവ. സിസ്റ്റർ വിക്ട്രിൻ, റവ. മദർ ജെഡ്രൂഡ്, ശ്രീ. നിക്സൻ ലോപ്പസ്, ശ്രീമതി ജാസ്മിൻ സാറ, ശ്രീമതി അരോളിൻ, ശ്രീ. ജോണി, ശ്രീ. ഷമ്മി, ശ്രീ. സതീഷ്, ശ്രീമതി ആഗ്നസ് ബാബു എന്നിവർ വിവിധ ക്ലാസുകൾക്ക് നേതൃത്വം നൽകി. കൂടാതെ, ഹോം മിഷൻ നടന്ന ഫാത്തിമപുരം, ചെറുവെട്ടുകാട്, പരുത്തിക്കുഴി എന്നീ ഇടവകകളിലും ഇനിയും നടക്കാൻ സാധ്യതയുള്ള പള്ളിത്തുറ, കണ്ണാന്തുറ, വിഴിഞ്ഞം എന്നീ ഇടവകകളിലെയും കുടുംബങ്ങൾ പരിശീലനത്തിൽ പങ്കെടുത്ത സമർപ്പിതർ സന്ദർശിച്ചു. ഹോം മിഷൻ നടന്നതിന്റെ വെളിച്ചത്തിൽ പ്രായോഗികമായി ഇടവക ജീവിതത്തിലും കുടുംബങ്ങളിലും വ്യക്തിജീവിതത്തിലുമുണ്ടായ മാറ്റങ്ങളെക്കുറിച്ചും ഈ ശുശ്രൂഷ കൂടുതൽ ഫലപ്രദമാക്കുവാനാവശ്യമായ സൃഷ്ടിപരമായ നിർദ്ദേശങ്ങളുമുൾപ്പെടുത്തി നടത്തിയ പാനൽ ചർച്ചയിൽ മോൺ. ജോർജ് പോൾ, റവ.

ഫാ. സോണി ആന്റണി, റവ. ഫാ. തോമസ് ഡി., റവ. സി. സെലിൻ ജോസ് SVC, ഡോ. കെവിൻ, ശ്രീമതി ഫ്രീഡ എന്നിവർ പങ്കെടുത്തു.

ക്ലാസുകൾ, സന്ദർശനം, പാനൽ ചർച്ച, ഗ്രൂപ്പ് വർക്ക് ഷോപ്പ് എന്നീ കാര്യപരിപാടികളോടുകൂടി നടത്തിയ പരിശീലന പ്രക്രിയ ഏറെ ഫലപ്രദമായിരുന്നുവെന്ന് 28 വിവിധ സന്യസ്ത സഭകളിൽ നിന്നും പങ്കെടുത്ത 30 സമർപ്പിതർ അഭിപ്രായപ്പെട്ടു. പരിശീലനപരിപാടികൾക്ക് അതിരൂപതാ ബി.സി.സി. എക്സിക്യൂട്ടീവ് സെക്രട്ടറി റവ. ഫാ. മൈക്കൾ തോമസ്, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് സെക്രട്ടറി റവ. ഫാ. സുരേഷ് പയസ്, റവ. സി. ജൂലിയറ്റ്, രൂപതാ ബി.സി.സി. ടീം എന്നിവർ നേതൃത്വം നൽകി.

**നെല്ലിയോട് ഹോം മിഷൻ**

നെല്ലിയോട് അമലോത്ഭവ മാതാ ഇടവകയിൽ 2018 ജൂൺ 7-ാം തീയതി വൈകുന്നേരം 5.30 ന് വെരി റവ. മോൺ. ജെയിംസ് കുലാസിന്റെ മുഖ്യകാർമ്മികത്വത്തിലർപ്പിച്ച ദിവ്യബലിയിൽ അതിരൂപതാ ശുശ്രൂഷാ കോർഡിനേറ്റർ റവ. ഡോ. മൈക്കൾ തോമസ്, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് സെക്രട്ടറി റവ. ഫാ. സുരേഷ് പയസ്, ഇടവക വികാരി റവ. ഫാ. സോണി ആന്റണി പനക്കൽ എന്നിവർ സഹകാർമ്മികരായിരുന്നു. മോൺ. ജെയിംസ് കുലാസ് സമർപ്പിതർക്ക് കത്തിച്ച തിരികൾ നൽകി ഹോം മിഷന് തുടക്കം കുറിച്ചു. ജൂൺ 10-ാം തീയതി വൈകുന്നേരം 5.30 ന് അതിരൂപതാ സഹായമെത്രാൻ റൈറ്റ് റവ. ഡോ. ക്രിസ്തുദാസ് ദിവ്യബലി അർപ്പിച്ച് ഹോം മിഷന് സമാപനം കുറിച്ചു. ഹോം മിഷന്റെ ഭാഗമായി ജൂൺ 9-ാം തീയതി ശനിയാഴ്ച യുവജനസംഗമവും കുട്ടികളുടെ സെമിനാറും നടത്തി. 20 സിസ്റ്റേഴ്സ് ഹോം മിഷനിൽ പങ്കെടുത്തു. ഹോം മിഷൻ പ്രവർത്തന റിപ്പോർട്ട് പാരിഷ് കൗൺസിൽ യോഗത്തിലും ദിവ്യബലി മദ്ധ്യേയും അവതരിപ്പിച്ചു.

**ബി.സി.സി. വൈദിക കോർഡിനേറ്റർമാരുടെ യോഗം**

ബി.സി.സി. പ്രവർത്തനങ്ങൾക്ക് ഫെറോനാതലത്തിൽ



നേതൃത്വം നൽകുന്ന വൈദിക കോർഡിനേറ്റർമാരുടെ യോഗം ജൂൺ 15-ാം തീയതി രാവിലെ 10.30 ന് വെള്ളയമ്പലം ആനിമേഷൻ സെന്ററിൽ വച്ച് കൂടുകയുണ്ടായി. പുല്ലുവിള, കോവളം, വലിയതുറ, അഞ്ചുതെങ്ങ്, പേട്ട എന്നീ ഫെറോനകളിൽ നിന്നും പങ്കാളിത്തമുണ്ടായിരുന്നു.

പ്രേഷിത കുരിശിന്റെ പ്രയാണ പ്രവർത്തനങ്ങൾ ഫെറോനാതലത്തിൽ അവലോകനം ചെയ്തു. അതിരൂപതാതല സമാപനത്തോടനുബന്ധിച്ചുള്ള കാര്യപരിപാടികൾ വിശദമായി ചർച്ച ചെയ്തു. കൂടാതെ, ഹോം മിഷൻ നടന്ന ഇടവകകളിലെ തുടർപ്രവർത്തനങ്ങളെയും നടത്താത്ത ഇടവകകളിൽ കൂടുതൽ വ്യാപിപ്പിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും ചർച്ചചെയ്തു. അതിരൂപത ഊന്നൽ നൽകുന്ന വികേന്ദ്രീകൃത ശുശ്രൂഷാ പ്രവർത്തനങ്ങളുടെ പശ്ചാത്തലതത്തിൽ ബി.സി.സി. പ്രവർത്തനങ്ങൾ ഫെറോന-ഇടവകതലത്തിൽ ശക്തിപ്പെടുത്തുവാനായി ഫെറോനാ കമ്മിഷൻ യോഗങ്ങൾ, എക്സിക്യൂട്ടീവ് യോഗങ്ങൾ, ഇടവക ജനറൽബോഡി, റിസോഴ്സ് ടീം തുടർ പരിശീലനം എന്നിവ നടത്തുവാനും പ്രതിമാസ പ്രവർത്തന അവലോകനം മുടങ്ങാതെ ചെയ്യണമെന്നും യോഗം തീരുമാനിച്ചു. പുതിയ ഇടവക കൗൺസിൽ, ബി.സി.സി. ഭാരവാഹികൾ, ശുശ്രൂഷാ സമിതി അംഗങ്ങൾ എന്നിവരുടെ തെരഞ്ഞെടുപ്പ് ആഗതമാകുന്ന പശ്ചാത്തലത്തിൽ നിലവിലുള്ള നിയമാവലിയെയും തെരഞ്ഞെടുപ്പ് രീതികളെയും കുറിച്ച് വിശദമായ പഠനവും ചർച്ചയും അനിവാര്യമാണെന്നും അഭിപ്രായപ്പെട്ടു.

**അതിരൂപതാ കോർടീം മീറ്റിംഗ്**

പ്രേഷിത കുരിശിന്റെ പ്രയാണത്തോടനുബന്ധിച്ച് രൂപം നൽകിയ അതിരൂപതാ കോർടീം യോഗം റവ. ഫാ. മൈക്കൾ തോമസിന്റെ അദ്ധ്യക്ഷതയിൽ ജൂൺ 15-ാം തീയതി ഉച്ചക്ക് 2.30 ന് വെള്ളയമ്പലം ആനിമേഷൻ സെന്ററിൽ വച്ച് കൂടുകയുണ്ടായി. പ്രസ്തുതയോഗത്തിൽ 8 ഫെറോനകളിൽ നിന്നുമായി 18 പേർ പങ്കെടുത്തു. ഫെറോനാതലത്തിൽ പ്രേഷിതകുരിശിന്റെ പ്രയാണത്തോട

നുബന്ധിച്ച് നടത്തിയ പരിശീലന പരിപാടികളെയും ഇടവകതല സ്വീകരണത്തെയും കാര്യപരിപാടികളെയും കുറിച്ച് വിലയിരുത്തി. തുടർന്ന് ജൂൺ 24 ന് നടക്കുന്ന പ്രേഷിത കുരിശ് പ്രയാണത്തിന്റെ അതിരൂപതാതല സമാപനത്തെക്കുറിച്ച് വിശദമായി ചർച്ചചെയ്തു. പഠനക്കളരിയിലും സമാപനദിവ്യബലിയിലും ചെയ്യേണ്ട പ്രവർത്തനങ്ങളുടെ ചുമതല വിവിധ സമിതികളെ ഏല്പിക്കുകയുണ്ടായി. ഫെറോനാ - ഇടവകതലത്തിൽ നന്നായി ഫീൾഡ് വർക്ക് നടത്തി പരമാവധി അംഗങ്ങളെ സമാപന പരിപാടികളിൽ പങ്കെടുപ്പിക്കണമെന്ന തീരുമാനത്തോടെ യോഗം അവസാനിച്ചു.

**നെല്ലിയോട് ഹോം മിഷൻ**

**അയിരൂർ ഹോം മിഷൻ**

അയിരൂർ വിശുദ്ധ തോമാശ്ലീഹായുടെ ഇടവകയിൽ 2018 ജൂൺ 17-ാം തീയതി രാവിലെ 7 മണിക്ക് അതിരൂപതാ സഹായമെത്രാൻ ക്രിസ്തുദാസ് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിലർപ്പിച്ച ദിവ്യബലിയിൽ അതിരൂപതാ ശുശ്രൂഷാ കോർഡിനേറ്റർ റവ. ഡോ. മൈക്കൾ തോമസ്, ഇടവക വികാരി റവ. ഫാ. അലക്സ് പീറ്റർ എന്നിവർ സഹകാർമ്മികരായിരുന്നു. ക്രിസ്തുദാസ് പിതാവ് സമർപ്പിതർക്ക് കത്തിച്ചതിരികൾ നൽകി ഹോം മിഷന് തുടക്കം കുറിച്ചു. 22-ാം തീയതി വെള്ളിയാഴ്ച നടത്തിയ കൗൺസിലിംഗിലും യുവജനസംഗമത്തിലും കുട്ടികളുടെ സെമിനാറിലും സജീവ സാന്നിധ്യം ഉണ്ടായിരുന്നു. ഹോം മിഷന്റെ സമാപന ദിവസമായ ജൂൺ 23 ന് അതിരൂപതാ മെത്രാപ്പൊലീത്ത മോസ്റ്റ് റവ. ഡോ. സൂസപാക്യം ദിവ്യബലി അർപ്പിച്ച് പ്രാർത്ഥിക്കുകയും ഹോം മിഷന്റെ തുടർ പ്രവർത്തനം താത്പര്യപൂർവം ഏറ്റെടുത്ത് നടത്തുവാൻ ഇടവക കൗൺസിലിനെയും ഇടവകാംഗങ്ങളെയും ആഹ്വാനം ചെയ്തു. 25 സമർപ്പിതർ ശുശ്രൂഷകൾക്ക് നേതൃത്വം നല്കി. ഹോം മിഷന്റെ പ്രവർത്തന റിപ്പോർട്ട് പാരിഷ് കൗൺസിൽ യോഗത്തിലും ദിവ്യബലി മദ്ധ്യേയും അവതരിപ്പിച്ചു.



## അഞ്ചുതെങ്ങ് ഫെറോന

**ഫെറോനാതലം:** ഫെറോനാ സമിതി യോഗം ജൂൺ 17-ാം തീയതി ഉച്ചക്ക് 2 മണിക്ക് അഞ്ചുതെങ്ങ് സ്കൂളിൽ ബഹു. ഫെറോന വികാരി ബാസ്ക്കർ അച്ചന്റെ നേതൃത്വത്തിൽ കൂടി.

വിവിധ ശുശ്രൂഷകളുടെ ചുമതല ഏറ്റെടുത്ത പുതിയ കോർഡിനേറ്റർ അച്ചന്മാരെ സമിതി അംഗങ്ങളെ പരിചയപ്പെടുത്തുക എന്നതായിരുന്നു ഈ യോഗത്തിന്റെ പ്രധാന ലക്ഷ്യം.

പരിചയപ്പെടുത്തലിനുശേഷം ശുശ്രൂഷാ സമിതികളെ ഗ്രൂപ്പായി തിരിച്ചു. ബി.സി.സി. കോർഡിനേറ്റർ ഫാ. ബിജിൻ ഓരോ ഇടവകയുടെ ബി.സി.സി. പ്രവർത്തനം വിലയിരുത്തുകയും, അടുത്തമാസം തുടങ്ങി നിർത്തിവച്ചിരിക്കുന്ന ഇടവകതല ബി.സി.സി. റിപ്പോർട്ട് തയ്യാറാക്കി യോഗത്തിൽ അവതരിപ്പിക്കണമെന്ന് കോർഡിനേറ്റർമാരെ ഓർമ്മിപ്പിച്ചു.

കൂടാതെ ഫെറോന പ്രവർത്തനങ്ങൾ സജീവമാക്കിത്തീർക്കുന്നതിന് ഫെറോന സമിതി യോഗങ്ങളിൽ ബന്ധപ്പെട്ട എല്ലാവരും മുടങ്ങാതെ പങ്കെടുക്കണമെന്ന് സമിതി തീരുമാനിച്ചു.

പ്രേഷിത കുരിശിന്റെ പ്രയാണ സമാപനത്തോട് അനുബന്ധിച്ച് 2018 ജൂൺ 24-ാം തീയതി പാളയം സെന്റ് ജോസഫ് മെട്രോപ്പൊളിറ്റൻ കത്തീഡ്രൽ ഹാളിൽ വച്ച് നടത്തിയ പഠനക്കളരിയിലും വൈകുന്നേരം ഭദ്രാസന ദൈവാലയത്തിൽ അഭിവന്ദ്യ സൂസപാക്യം പിതാവിന്റെ മുഖ്യകാർമ്മികത്വത്തിലുള്ള പൊന്തിഫിക്കൽ ദിവ്യബലിയിലും ഫെറോനയിലെ എല്ലാ ഇടവകയിൽ നിന്നും പ്രതിനിധികൾ സന്നിഹിതരായിരുന്നു.

**ഇടവകതലം:** അയിരൂർ സെന്റ് തോമസ് ഇടവകയിൽ ജൂൺ 17 മുതൽ 23 വരെ ഹോം മിഷൻ പ്രവർത്തനം നടന്നു. 17-ാം തീയതി വൈകുന്നേരം 5 മണിക്ക് അഭിവന്ദ്യ ക്രിസ്തുദാസ് പിതാവ് ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു. രൂപതയിൽ നിന്നും 25 സിസ്റ്റേഴ്സ് കുടുംബനവീകരണ ശുശ്രൂഷയിൽ പങ്കെടുത്തു. 23-ാം തീയതി

രാവിലെ 7.00 ന് അഭിവന്ദ്യ സൂസപാക്യം പിതാവിന്റെ ദിവ്യബലി അർപ്പണത്തോടുകൂടി ഹോം മിഷന് സമാപനം കുറിക്കുകയും ചെയ്തു.

**വെന്നികോട്:** കർമ്മല മാതാ ഇടവകയിലെ സെന്റ് ആന്റണി യൂണിറ്റ് വാർഷികം ആഘോഷിച്ചു. ആഘോഷമായ ദിവ്യബലിയും നേർച്ച സദ്യയും പള്ളിയിൽ തയ്യാറാക്കി. യൂണിറ്റുകൾ സജീവ മായി പ്രവർത്തിക്കുന്നു.

ഈ ഇടവകയിൽനിന്നും കെ.ആർ.എൽ.സി.ബി.സി മത ബോധന കമ്മിഷൻ നടത്തിയ സംസ്ഥാനതല സ്കോളർഷിപ്പ് പരീക്ഷയിൽ 8-ാം സ്റ്റാൻഡേർഡിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയ റോജ്നയ്ക്ക് ഫെറോനയുടെ പേരിലും ഇടവകാംഗങ്ങളുടെ പേരിലും അഭിനന്ദനങ്ങൾ.

**പൂത്തുറ:** സെന്റ് റോക്കി ഇടവകയിൽ 8-ാം യൂണിറ്റ് ഒഴികെ മറ്റെല്ലാ യൂണിറ്റുകളും സജീവമായി പ്രവർത്തിക്കുന്നു. സെന്റ് ആന്റണി യൂണിറ്റിന്റെ വാർഷികം ആഘോഷിച്ചു.

**റവ. ഫാ. ബിജിൻ** — **സിസ്റ്റർ ജാനറ്റ് റോച്ച RSC**
വൈദിക കോർഡിനേറ്റർ — ആനിമേറ്റർ

## വലിയതുറ ഫെറോന

ജൂൺ 9 ന് ഫെറോന കോർഡിനേറ്റർ ലാസറച്ചന്റെ നേതൃത്വത്തിൽ നടന്ന യോഗത്തിൽ അതിരൂപത ബിസിസി എക്സിക്യൂട്ടീവ് സെക്രട്ടറി മൈക്കിൾ തോമസച്ചൻ ബിസിസി കോർഡിനേറ്റർമാർക്ക് ക്ലാസ്സ് നൽകി. ക്രിസ്തീയ ജീവിതത്തിന് നേതൃത്വം നൽകുന്ന നാം തത്വത്തിൽ മാത്രം ഒതുങ്ങാതെ പ്രവർത്തിയിലൂടെ മൂല്യങ്ങൾ പ്രചരിപ്പിക്കണമെന്ന് വ്യക്തമാക്കി. ഫെറോനയിൽ നിന്ന് 160 പേർ പങ്കെടുത്തു. ഫെറോന വികാരി സൈറസച്ചൻ നൽകിയ നിർദ്ദേശങ്ങൾ ഭാരവാഹികൾക്ക് ഊർജ്ജം പകർന്നു. 23-ാം തീയതി ഫെറോന വികാരി സൈറസച്ചന്റെ നേതൃത്വത്തിൽ



ജോയിന്റ് ആനിമേറ്റേഴ്സ് യോഗം നടന്നു. യോഗത്തിൽ പ്രവർത്തന റിപ്പോർട്ട് വിവരിച്ച് വിലയിരുത്തി.

**ഫാ. ലാസർ ബെനഡിക്ട്** — **സി. എം. ഹേമ**
വൈദിക കോഓർഡിനേറ്റർ
ആനിമേറ്റർ

## പുല്ലുവിള ഫെറോന

ഫെറോന ബി.സി.സി. കമ്മിഷൻ യോഗം ജൂൺ മാസം 9-ാം തീയതി കൊല്ലങ്കോട് സെന്റ് മാത്യൂസ് ഇടവകയിൽ കൂടി. ഇടവക വികാരി റവ. ഫാ. ഷാജു വില്യം, കോർഡിനേറ്റർ, സിസ്റ്റർ ആനിമേറ്റർ, റിസോഴ്സ് ടീം അംഗങ്ങൾ ചേർന്ന് ഫെറോന ടീമിനെ സ്വീകരിച്ചു. ആകെ 10 ഇടവകകളിൽ നിന്നും പങ്കാളിത്തമുണ്ടായി രുന്നു. 4 ഇടവകകളിൽ നിന്നും സാന്നിദ്ധ്യമില്ലായിരുന്നു. ബി.സി.സി. ഫെറോന ഡയറക്ടർ റവ. ഫാ. നിജു അജിത്തിന്റെ നേതൃത്വത്തിൽ പ്രാർത്ഥനയോടുകൂടി യോഗം ആരംഭിച്ചു. പ്രേഷിത ദൗത്യത്തെ കുറിച്ചുള്ള വചനഭാഗം വി. മത്തായിയുടെ സുവിശേഷത്തിൽ നിന്നും വായിച്ചു വിചിന്തനം നടത്തി. കൊല്ലങ്കോട് ഇടവക കോർഡിനേറ്റർ ശ്രീ. പങ്ക്രാസ് എല്ലാവരേയും സ്വാഗതം ചെയ്തു.

**അടിമലത്തുറ:** പുതിയ വൈദികരുടെ സാന്നിദ്ധ്യം യൂണിറ്റുകളെ കൂടുതൽ സജീവമാക്കുന്നു. പ്രേഷിത കുരിശിന്റെ പ്രയാണത്തിൽ യൂണിറ്റുതലത്തിൽ പ്രാർത്ഥന നടത്തി.

**പള്ളം:** യൂണിറ്റ് ഭാരവാഹികളുടെ സഹകരണകുറവുമൂലം കോർഡിനേറ്റർ രാജിവച്ചു. യൂണിറ്റുതലത്തിൽ മെഡിക്കൽ കോളേജിൽ ഭക്ഷണവും സോപ്പും ടവ്വലും കൊടുത്തു. അവധിക്കാല ബൈബിൾ പഠനക്കളരിയും ധ്യാനവും നടത്തി. ദൈവാലയത്തിന്റെ പണി തുടങ്ങി. പ്രേഷിത കുരിശിനെ സ്വീകരിച്ചു.

**പുതിയതുറ:** എല്ലാ യൂണിറ്റും നന്നായി പ്രവർത്തിക്കുന്നു. തിരുനാൾ ദിവസങ്ങളിൽ 30 കുടുംബങ്ങൾക്ക് ഇടവകയിൽ നിന്നും ഭക്ഷണം കൊടുത്തു. മന്ദീഭവിച്ചിരുന്ന 2 യൂണിറ്റിനെ കോർഡിനേറ്ററും സിസ്റ്ററും സംസാരിച്ചു ശക്തിപ്പെടുത്തി. പ്രേഷിത കുരിശിന്റെ

പ്രയാണം നന്നായി ഒരുങ്ങി നടത്തി.
**ചൊവ്വര:** മൂന്നു യൂണിറ്റുകളും നന്നായി സഹകരിച്ചു പ്രവർത്തിക്കുന്നു. അവധിക്കാല ബൈബിൾ ക്ലാസ് നടത്തി. പ്രേഷിത കുരിശിന്റെ സാന്നിദ്ധ്യത്തിൽ രാത്രി മുഴുവനും പ്രാർത്ഥിച്ചു. വളരെ നല്ല അനുഭവമായിരുന്നു.
**ലൂർദ്ദുപുരം:** 5 യൂണിറ്റും സജീവമായി പ്രവർത്തിക്കുന്നു. എല്ലാ യൂണിറ്റും വാർഷികം ആഘോഷിച്ചു. ജനറൽ ബോഡി രണ്ടാമത്തെ ഞായറാഴ്ച 2.30 ന് കൂടുന്നു. വി.ബി.എസ്. നടത്തി. പ്രേഷിത കുരിശിനെ സ്വീകരിച്ചു. യൂണിറ്റുതലത്തിലും ഭക്തസംഘടനകളുടെ നേതൃത്വത്തിലും പ്രാർത്ഥനകൾ നടത്തി നല്ല ഒരു അനുഭവമാക്കി തീർത്തു.
**നമ്പ്യാതി:** 5 യൂണിറ്റുകളും സജീവമാണ്. അച്ചനും സിസ്റ്ററും പങ്കെടുക്കുന്നു. പ്രേഷിത കുരിശ് പ്രയാണം ഒരു പ്രത്യേക അനുഭവമായിരുന്നു. വി.ബി.എസ്., കരിയർ ഗൈഡൻസ് ക്ലാസ് അവധിക്കാലത്തു നടത്തി.
**കരുംകുളം:** ഇടവക വികാരിയുടെ അസാന്നിദ്ധ്യത്തിൽ യൂണിറ്റു യോഗങ്ങൾ കൂടുന്നു. വി.ബി.എസ്. ക്ലാസ് നടത്തി. ജനറൽ ബോഡി നാലാമത്തെ ഞായറാഴ്ച 2 മണിക്കു കൂടുന്നു. ഇടവക വികാരിയുടെ അസാന്നിദ്ധ്യത്തിൽ സ്വീകരണം നൽകി.
**പൂവാർ:** 44 യൂണിറ്റുണ്ട്. കോർഡിനേറ്റർ യൂണിറ്റ് സന്ദർശിക്കുന്നു. പ്രേഷിത കുരിശിന്റെ സാന്നിദ്ധ്യം ഒരു നല്ല അനുഭവമായിരുന്നു. ജനറൽ ബോഡി ഒന്നാം ഞായറാഴ്ച കൂടുന്നു.
പരുത്തിയൂർ: 75 യൂണിറ്റുകൾ പ്രവർത്തിക്കുന്നു. ജനറൽ ബോഡി ഒന്നാം ഞായറാഴ്ച 3 മണിക്കു കൂടുന്നു. പ്രേഷിത കുരിശിന്റെ സാന്നിദ്ധ്യവും പ്രാർത്ഥനയും നല്ല അനുഭവമായിരുന്നു.
**കൊല്ലങ്കോട്:** പ്രേഷിത കുരിശിന്റെ പ്രയാണത്തെ കുറിച്ച് യൂണിറ്റുകളിൽ ചർച്ചചെയ്ത് വളരെ നന്നായി ഒരുങ്ങി സ്വീകരിച്ച ഇടവകയാണ്. രണ്ടുദിവസം ഇവിടെ വച്ചു യൂണിറ്റുതലത്തിലും ഭക്തസംഘടനകളും പ്രാർത്ഥിച്ചശേഷം തൂത്തൂർ ഫെറോനയിലെ നീരോടി ഇടവകയിലേക്കു കൈമാറി. സ്ത്രീകളാണ് കുരിശും തോളിലേറ്റി ചുമന്നത്. കുട്ടികളുടെ ബി.സി.സി. ആരംഭിച്ചു. സ്കൂളിൽ



10-ാം ക്ലാസിൽ ഉന്നതവിജയം ലഭിച്ചു. മതബോധനത്തിൽ രൂപതയിൽ രണ്ടാം സ്ഥാനം ലഭിച്ചു. സപ്ലിമെന്ററി ക്ലാസുകൾ തുടങ്ങി. വി.ബി.എസ്. നടത്തി. റിസോഴ്സ് ടീം വളരെ നന്നായി പ്രവർത്തിക്കുന്നു. ലീഡർമാർക്ക് ബൈബിൾ ക്ലാസ് ഉടനെ നടത്താൻ ആഗ്രഹിക്കുന്നുവെന്ന് വികാരിയച്ചൻ അറിയിച്ചു.

| | |
|---|---|
| **റവ. ഫാ. നിജു അജിത്ത്** | **സിസ്റ്റർ മേരിക്കുട്ടി** |
| വൈദിക കോർഡിനേറ്റർ | ആനിമേറ്റർ |

# അജപാലനശുശ്രൂഷ

## ബൈബിൾ കമ്മിഷൻ

### A. പ്രവർത്തന റിപ്പോർട്ട്

**1) സദ്ബോധന ബൈബിൾ സ്ക്കൂൾ**

സദ്ബോധന ബൈബിൾ സ്ക്കൂൾ അഞ്ചാം ബാച്ചിലെ ക്ലാസ് യോഹന്നാനെ വിശുദ്ധ സുവിശേഷം, വെളിപാട്, എന്നീ വിഷയത്തെക്കുറിച്ച് റവ. ഡോ. ലോറൻസ് കുലാസ് ക്ലാസ് നയിച്ചു. 42 പേർ പങ്കെടുത്തു.

**2) ലോഗോസ് ക്വിസ് - 2018**

ലോഗോസ് ക്വിസ് രജിസ്ട്രേഷൻ നടന്നു കൊണ്ടിരിക്കുന്നു.

### B. അറിയിപ്പ്

**1) സദ്ബോധന ബൈബിൾ സ്കൂൾ**

അടുത്ത ബെബിൾ ക്ലാസ് ജൂലൈ മാസം 21-ാം തിയതി ആനിമേഷൻ സെന്ററിൽ വച്ച് നടക്കുന്നതാണ്. വിഷയം : വിശുദ്ധ പൗലോസ് അപ്പസ്തോലന്റെ ലേഖനങ്ങൾ

**2) ലോഗോസ് ക്വിസ് - 2018**

ലോഗസ് പഠന സഹായി അജപാലനശുശ്രൂഷ ഓഫീസിൽ ലഭ്യമാണ്. 15.07.2018 രജിസ്ട്രേഷൻ അവസാനിക്കുന്നതായിരിക്കും.

## ക്രിസ്തീയവിശ്വാസജീവിതപരിശീലന കമ്മിഷൻ

### A. പ്രവർത്തന റിപ്പോർട്ട്



**1) വിശ്വാസോത്സവ അധ്യായനാരംഭം (2018-19)**

03.06.2018 ഞായറാഴ്ച നവാഗതരായ വിദ്യാർത്ഥികളെ ഹൃദ്യമായി സ്വീകരിച്ചുകൊണ്ടും ആഘോഷമായ ദിവ്യബലി അർപ്പിച്ചുകൊണ്ടും 2018-19 അധ്യായനാവർഷത്തിലേയ്ക്കുള്ള ക്ലാസുകൾ ആരംഭിച്ചു.

**2) KRLCC സ്ക്കോളർഷിപ്പ് സംസ്ഥാനതലപരീക്ഷ**

മെയ് 16-ാം തിയതി നടന്ന കെ. ആൽ. എൽ. സി. സി. സ്ക്കോളർഷിപ്പ് സംസ്ഥാനതല പരീക്ഷയിൽ VIII മുതൽ XII വരെ ക്ലാസ്സുകളിൽ നമ്മുടെ അതിരൂപതയിൽ നിന്നും പങ്കെടുത്തവരിൽ താഴെപറയുന്നവർ സമ്മാനാർഹരായി.

| | | | | |
|---|---|---|---|---|
| 1 | VIII | റോജന റോബട്ട് | Ist | വെണ്ണിക്കോട് |
| 2 | X | ജൂലിയ യൂജിൻ | Ist | പുതിയതുറ |
| 3 | X | അനാമിക സിൽവ | IIIrd | ശാന്തിപുരം |
| 4 | XI | നവ്യ. ആർ | Ist | പെരിങ്ങമല |
| 5 | XI | ജെനിഫർ കെനഡി | IIIrd | വിഴിഞ്ഞം |
| 6 | XII | ഷാനി മോൾ | Ist | കൊല്ലങ്കോട് |

വിജയികൾക്ക് അതിരൂപതാ ഡയറക്ടർ അഭിനന്ദനം അറിയിച്ചു.

**2) വിശ്വാസപരിശീലന അധ്യാപകർക്ക് അടിസ്ഥാനപരിശീലനം**

വിശ്വാസപരിശീലനത്തിന്റെ കാഴ്ചപ്പാട്, ലക്ഷ്യം, ബോധനരീതികൾ, കുട്ടികളോടുള്ള സമീപനം എന്നീ വിഷയങ്ങൾ ഉൾചേർത്ത് യേശു എന്ന അധ്യാപകനെപോലെ താത്വികവും പ്രായോഗികവുമായ അധ്യാപന സമീപനം ഉൾക്കൊള്ളാൻ ആഹ്വാനം ചെയ്തുകൊണ്ട് 2018-19 അധ്യായന വർഷത്തെ അടി

സ്ഥാനപരിശീലനം ജൂൺ 2-ാം തിയതി വെള്ളയമ്പലം ആനിമേഷൻ സെന്ററിൽ വച്ച് നല്കി. ഇടവകകൾ കേന്ദ്രീകരിച്ച് നടത്തിവരുന്ന ക്രിസ്തീയ വിശ്വാസപരിശീലന സമിതിയിലെ പുതിയ അധ്യാപകർക്കാണ് പരിശീലനം നല്കിയത്. അതിരൂപതയിലെ വിവിധ ഇടവകകളിൽ നിന്നും 265 അധ്യാപകർ പരിശീലന കളരിയിൽ പങ്കുചേർന്നു. ഫാ. ലോറൻസ് കുലാസ്, ഫാ. ലെനിൻ ഫെർണാണ്ടസ്, ഫാ. ജോൺ ബോസ്ക്കോ എന്നിവർ ക്ലാസുകൾ നല്കി. പരിശീലന ക്ലാസിൽ പങ്കെടുത്ത അധ്യാപകർക്ക് സർട്ടിഫിക്കറ്റ് വിതരണം ചെയ്തു. ഫാ. മുത്തപ്പൻ അപ്പോലി, ശ്രീ. സിൽവദാസ് എഫ്, ശ്രീ. ക്ലാരൻസ് റ്റി. എന്നിവർ സംഘാടകരായി പ്രവർത്തിച്ചു.

**B. അറിയിപ്പ്**

**1) മതബോധന ഡയറി - 2018**

മതബോധന ഡയറി അജപാലന ശുശ്രൂഷ കാര്യാലയത്തിൽ നിന്നും വാങ്ങേണ്ടതാണ്. ഇംഗ്ലീഷ് പാഠപുസ്തകങ്ങൾ (Std I to X). ടീച്ചിംഗ് നോട്ട്, അധ്യാപകർ, വിദ്യാർത്ഥികളുടെ ഹാജർ പുസ്തകം, മാർക്ക് രജിസ്റ്റർ, അഡ്മിഷൻ രജിസ്റ്റർ, പ്ലസ്-വൺ, പ്ലസ്-ടു അധ്യാപക പഠന സഹായി എന്നിവയും ലഭ്യമാണ്.

## ദൈവശാസ്ത്രം

**A. പ്രവർത്തനം**

**1) "ദിവ്യബോധന" ദൈവശാസ്ത്രപഠന കോഴ്സ്**

'ദിവ്യബോധന" ദൈവശാസ്ത്ര പഠന കോഴ്സ് ജൂൺ മാസം



16-ാം തിയതി ശനിയാഴ്ച വെള്ളയമ്പലം ആനിമേഷൻ സെന്ററിൽ വച്ച് നടന്നു. 50 പേർ പങ്കെടുത്തു. ബൈബിളിലെ "വെളിപാട്" പുസ്തകത്തെക്കുറിച്ച് ഫാ. ലോറൻസ് കുലാസ് ക്ലാസ്സ് നയിച്ചു.

**B. അറിയിപ്പ്**

1. "ദിവ്യബോധന" ദൈവശാസ്ത്ര പഠന കോഴ്സിന്റെ അടുത്ത ക്ലാസ് ജൂലൈ 21-ാം തിയതി ആനിമേഷൻ സെന്ററിൽ വച്ച് നത്തപ്പെടും. വിഷയം: "വി. പൗലോസിന്റെ ലേഖനങ്ങൾ, ലത്തീൻ കാനോൻ നിയമസംഹിത."

## കരിസ്മാറ്റിക് മുന്നേറ്റം

**A. പ്രവർത്തനം**

**1) മുക്തിധ്യാനം**

മേനംകുളത്തുള്ള അനുഗ്രഹഭവനിൽ ജൂൺ 1 മുതൽ 8 വരെ ലഹരിയ്ക്ക് അടിമപ്പെട്ടവർക്കുവേണ്ടി ലഹരി വിമുക്ത ധ്യാനം തിരുവനന്തപുരം സോണിന്റെ നേതൃത്വത്തിൽ നടത്തുകയുണ്ടായി. ഫാ. തോമസ് ഒ.സി.ഡി, ഫാ. കോസ്മോസ് തോപ്പിൽ, ഫാ. ജോസഫ് എൽക്കിൻ, ഫാ. ഡോണി ഡി പോൾ, ഫാ. സാംസൺ, ഫാ. ഫ്രാൻസിസ്. വി.സി, ഫാ. മാത്യു വി.സി, ഫാ. ജസ്റ്റിൻ അലക്സ്, സി. നിർമ്മല, സി. ജിൻസ, ഫ്രൊഫ. ഡോൺസ് ഡിക്രൂസ്, പ്രൊഫ. ജോർജ് ജോസഫ്, പ്രൊഫ. ജോജു ജോൺ, ബ്ര. വിജയൻ ആന്റോ, ബ്ര. രാജൻ ജോസഫ്, ബ്ര. ജോയി പെരേര, ബ്ര. ജോസഫ് ദാസൻ, ബ്ര. ജേക്കബ് വർഗ്ഗീസ്, ബ്ര. റോയി, ബ്ര. കിരൺ, ബ്ര. അജിത്ത് പെരേര, ബ്ര. ജോസഫ്. എ. എ. എസ്, ബ്ര. ഫെലിക്സ് ആന്റണി,

ബ്ര. അനിൽ ജസ്സി, ബ്ര. ഫ്രാൻക്ലീൻ പെരേര എന്നിവരാണ് ധ്യാനം നയിച്ചത്. വിവിധ സബ്സോണുകളുടെ നേതൃത്വത്തിൽ മദ്ധ്യസ്ഥ പ്രാർത്ഥനയും നടന്നു.

10.06.18-ൽ എമ്മാവൂസിലെ ഏകദിന മധ്യസ്ഥ പ്രാർഥന യിൽ സോണിൽ നിന്ന് ശ്രീമതി. ജോയിസ് ആന്റണി, ശ്രീമതി മേഴ്സി ഹെൻഡ്രി, ശ്രീമതി മേഴ്സി ജോസഫ്, സിസ്റ്റർ ലാൻസി, ശ്രീ. ജോണി എന്നിവർ പങ്കെടുത്തു.

തൂവാനീസായുടെ ഒരു കൂട്ടായ്മ 12.06.18-ൽ പള്ളിത്തുറ കോൺവെന്റിൽ നടത്തുകയും 15 അംഗങ്ങളുടെ സാന്നിധ്യം ഉണ്ടാ വുകയും ചെയ്തു.

കരിസ്മാറ്റിക് നവീകരണ മുന്നേറ്റത്തിന്റെ സതേൺ സബ് റീജിയന്റെ ഒരു മീറ്റിംഗ് 14.06.18-ൽ നെയ്യാറ്റിൻ കരയിൽ കൂടുക യും, സോണിൽ നിന്ന് കോ-ഓർഡിനേറ്റർ, സെക്രട്ടറി എന്നിവരെ കൂടാതെ ശ്രീ. സ്റ്റീഫൻ റൂബൻ, ശ്രീ. വിൽസൺ വിൻസി, ശ്രീമതി ജോയിസ് ആന്റണി, ശ്രീമതി മേഴ്സി സിറിൽ.എ എന്നിവരും പങ്കെ ടുത്തു. സോണൽ സെക്രട്ടറി 2018 ജനുവരി മുതൽ മെയ് മാസം വരെയുള്ള പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു.



# കുടുംബപ്രേഷിത ശുശ്രൂഷ

**കൗൺസിലിംഗ് കോഴ്സ് മൂന്നാം ബാച്ച്**

കുടുംബപ്രേഷിതശുശ്രൂഷയുടെ കീഴിൽ നടന്നു വരുന്ന ആറു മാസം നീണ്ടുനിൽക്കുന്ന പാസ്റ്ററൽ കൗൺസിലിംഗ് കോഴ്സിന്റെയും, കേന്ദ്ര-കേരള സർക്കാരുകളുടെ (SRC) അംഗീകാ രത്തോടെയുള്ള സർട്ടിഫിക്കറ്റ് കോഴ്സിന്റെയും മൂന്നാം ബാച്ചിന്റെ ക്ലാസ്സുൾ ജൂലൈ മാസത്തിൽ ആരംഭിക്കുന്നു. അപേക്ഷ സ്വീകരി ക്കുന്ന അവസാനത്തീയതി ജൂലൈ 16 ആയിരിക്കും. വിശദവിവര ങ്ങൾക്ക് കുടുംബപ്രേഷിത ശുശ്രൂഷയുടെ അതിരൂപതാ കാര്യാല യവുമായി ബന്ധപ്പെടേണ്ടതാണ്.

**കൗൺസിലിംഗ് കോഴ്സ് രണ്ടാം ബാച്ച്**

കുടുംബപ്രേഷിതശുശ്രൂഷയുടെ കീഴിൽ നടന്നു വരുന്ന ആറു മാസം നീണ്ടുനിൽക്കുന്ന പാസ്റ്ററൽ കൗൺസിലിംഗ് കോഴ്സിന്റെയും, കേന്ദ്ര-കേരള സർക്കാരുകളുടെ (SRC) അംഗീകാ രത്തോടെയുള്ള സർട്ടിഫിക്കറ്റ് കോഴ്സിന്റെയും രണ്ടാം ബാച്ചിന്റെ മോഡൽ പരീക്ഷ ജൂൺ 9, 23 തീയതികളിൽ വെള്ളയമ്പലം ആനി മേഷൻ സെന്ററിൽ വച്ചു നടന്നു.

**കൗൺസിലിംഗ്**

വിവിധ ഇടവകകളിൽ നിന്നും വന്ന 79 പേർക്ക് പ്രശ്നപ രിഹാരത്തിന് നിർദ്ദേശം നൽകാൻ സാധിച്ചു.

കുടുംബപ്രേഷിത ശുശ്രൂഷയുടെ പ്രവർത്തനങ്ങൾ കൂടു തൽ ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി സി. വിനിതയെ (ഡൊമി നിക്കൻ സിസ്റ്റേഴ്സ് ഓഫ് ദ പ്രസന്റേഷൻ, പരുത്തിയൂർ) പുല്ലുവിള, തൂത്തൂർ ഫൊറോനകളിലെ കൗൺസിലർ Cum ആനിമേറ്ററായി നിയമിച്ചു.

അതിരൂപതാ കേന്ദ്രമാക്കി ആരംഭിച്ചിട്ടുള്ള കൗൺസിലിംഗ്

സെന്റർ ജൂബിലി ആനിമേഷൻ സെന്ററിലെ റൂം നമ്പർ 5 ൽ പ്രവർത്തിച്ചുവരുന്നു. **9400101044** എന്ന നമ്പരിൽ മുൻകൂട്ടി വിളിച്ച് രജിസ്റ്റർ ചെയ്തുവരുന്ന എല്ലാവർക്കും കൗൺസിലിംഗ് സൗകര്യം ഒരുക്കിക്കൊടുക്കുന്നു. എല്ലാ ഫെറോനകളിലെയും തിരഞ്ഞെടുക്കപ്പെട്ട സെന്ററുകളിലും കൗൺസിലിംഗ് സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്.

**ഫെറോനാ ആനിമേറ്റേഴ്സ് മീറ്റിംഗ്**

**2018 ജൂൺ 18 വെള്ളി**

കുടുംബപ്രേഷിത ശുശ്രൂഷയുടെ ആനിമേറ്റേഴ്സിന്റെ യോഗം ജൂൺ 18 ന് വെള്ളയമ്പലത്ത് വച്ച് കൂടുകയുണ്ടായി.

കൗദാശികജീവിതമില്ലാതെ കഴിയുന്ന വ്യക്തികളെയും കുടുംബങ്ങളെയും കണ്ടെത്തി കൗദാശിക ജീവിതം നയിക്കാൻ സഹായിക്കുക, ഓഖി ബാധിച്ചു കഴിയുന്ന കുടുംബങ്ങളെ കാണുകയും അവർക്ക് വേണ്ട സഹായസഹകരണങ്ങൾ സാധ്യമാക്കുക, ഏകസ്തരുടെ കൂട്ടായ്മ ഫോറമായി രൂപീകരിച്ച് അവരുടെ അജപാലനം സാധ്യമാക്കുക, സാമൂഹ്യശുശ്രൂഷയുമായി ചേർന്ന് വിധവകളുടെ കൂട്ടായ്മയ്ക്ക് രൂപം നൽകുക, സാന്ത്വനം മംഗല്യം കൂട്ടായ്മയിലൂടെ സഹായം ലഭിച്ചവരെയും സഹായം നൽകുന്നവരെയും വിളിച്ചുകൂട്ടുക, വിവാഹജീവിതം നയിക്കുന്നവരുടെ വിവിധ ഗ്രൂപ്പുകൾ (വിവാഹം കഴിഞ്ഞ വർഷത്തിന്റെ അടിസ്ഥാനത്തിൽ 5, 10, 15 എന്നിങ്ങനെ) രൂപീകരിക്കുക, ബ്യൂറോ ഇടവകകളിൽ ഉപയോഗപ്പെടുത്തുന്നതിന്റെ സാധ്യതകളെപ്പറ്റി ചിന്തിക്കുക, കപ്പിൾസ് ഫോർ ക്രൈസ്റ്റ് ഇപ്പോൾ ഇല്ലാത്ത ഇടവകകളിൽ രൂപീകരിക്കുക ഇങ്ങനെ ഈ വർഷത്തിൽ നടത്താൻ സാധിക്കുന്ന പ്രവർത്തനങ്ങളെക്കുറിച്ച് കുടുംബപ്രേഷിത ശുശ്രൂഷാ ഡയറക്ടർ ഫാ. എ ആർ ജോൺ സംസാരിച്ചു.



പാളയം, പേട്ട, കോവളം, കഴക്കൂട്ടം, വലിയതുറ, തൂത്തൂർ എന്നീ ഫെറോനകളിലെ ആനിമേറ്റേഴ്സ് പങ്കെടുത്ത യോഗം ഫാ. ജോണിന്റെ പ്രാരംഭപ്രാർത്ഥനയോടെ ആരംഭിച്ചു, ഫാ. രജീഷിന്റെ സമാപന പ്രാർത്ഥനയോടെ സമാപിച്ചു.

**ഫെറോനാ കോർഡിനേറ്റേഴ്സ് മീറ്റിംഗ്**

കുടുംബപ്രേഷിത ശുശ്രൂഷയുടെ വൈദികകോർഡിനേറ്റർമാരുടെ യോഗം ജൂൺ 19 ന് വെള്ളയമ്പലത്ത് വച്ച് കൂടുകയുണ്ടായി.

ഫെറോനാ കോർഡിനേറ്റേഴ്സ് തങ്ങളുടെ ഫെറോയിലെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള റിപ്പോർട്ട് അവതരിപ്പിച്ചു. പ്ലാൻ & ബഡ്ജറ്റ് പ്രകാരമുള്ള കാര്യങ്ങൾ പഠിക്കുകയും അതനുസരിച്ച് പ്രവർത്തനങ്ങൾ കൈക്കൊള്ളാനുള്ള തീരുമാനങ്ങൾ സ്വീകരിക്കുകയും ചെയ്തു.

ഫെറോനാ എക്സിക്യൂട്ടീവിനെ ശക്തിപ്പെടുത്തുക, അതിനായി ആനിമേറ്റേഴ്സ് സിസ്റ്റേഴ്സിന്റെ സേവനം പ്രയോജനപ്പെടുത്തുക, സ്ഥിരമായി എക്സിക്യൂട്ടീവ് മീറ്റിംഗുകൾ കൂടുക, കൗദാശിക ജീവിതം നയിക്കാത്ത കുടുംബങ്ങളെ കണ്ടെത്തി കൗദാശിക ജീവിതത്തിലേക്ക് കൊണ്ടുവരുക, ഏകസ്തരുടെ അജപാലനം സാധ്യമാക്കുക, സാന്ത്വനം മംഗല്യത്തിന് ഇടവകകളിൽ നിന്ന് സഹായം ലഭ്യമാക്കുക, അധികാരവികേന്ദ്രീകരണത്തിലൂടെ ഇടവകകളെയും ഫെറോനകളെയും കേന്ദ്രമാക്കി പ്രവർത്തനങ്ങൾ നടപ്പിലാക്കുക, പകൽവീട്, കൗൺസിലിംഗ് എന്നിവ ഫെറോനാതലത്തിൽ നടപ്പിലാക്കുക, കൗൺസിലിംഗ് ഫോറത്തിലെ അംഗങ്ങൾ സ്വന്തം ഇടവകകളിലോ സമീപത്തുള്ള ഇടവകകളിലോ (ആവശ്യക്കാർക്ക് സാമ്യപമാക്കുന്ന രീതിൽ) പ്രവർത്തന നിരതമാകുന്ന രീതി അവലംബിക്കുക എന്നീ കാര്യങ്ങൾ ചർച്ച ചെയ്തു.

അഞ്ചുതെങ്ങ്, കഴക്കൂട്ടം, കോവളം, പേട്ട, പാളയം, പുതു

ക്കുറിച്ചി, പുല്ലുവിള, വലിയതുറ എന്നീ ഫെറോനയിലെ കോ ഓർഡി നേറ്റേഴ്സ് പങ്കെടുത്ത യോഗം ഫാ. എ ആർ ജോണിന്റെ പ്രാരംഭ പ്രാർത്ഥനയോടെ ആരംഭിച്ചു. ഫാ. ജോണിയുടെ സമാപനപ്രാർത്ഥ നയോടെ സമാപിച്ചു.

**സംയുക്ത യോഗം**

തിരുവനന്തപുരം അതിരൂപതയിലുള്ള ഏക്സ്തരുടെ ഉന്ന മനത്തെ ലക്ഷ്യമാക്കി ഫെറോനാ ആനിമേറ്റേഴ്സ്, വോളന്റിയർമാർ, എക്സിക്യൂട്ടീവ് അംഗങ്ങൾ എന്നിവരുടെ സംയുക്ത മീറ്റിംഗ് ജൂൺ 25 തിങ്കളാഴ്ച വെള്ളയമ്പലത്ത് വച്ചു കൂടുകയുണ്ടായി.

ആനിമേറ്റേഴ്സ് സിസ്റ്റേഴ്സിനെ എക്സിക്യൂട്ടീവ് അംഗ ങ്ങൾക്ക് പരിചയപ്പെടുത്തി, ജൂലൈ 6 ന് നടക്കുന്ന ഏകസ്ത സംഗ മത്തിൽ ഓരോ വ്യക്തികൾ ചെയ്യേണ്ട ഉത്തരവാദിത്തങ്ങൾ നൽകി.

**സാന്ത്വനം മംഗല്യം**

കുടുംബപ്രേഷിതശുശ്രൂഷയുടെ കരുണയുടെ മുഖമാണ് സാന്ത്വനം മംഗല്യം. സാമ്പത്തികമില്ലാത്തതുകൊണ്ടു മാത്രം വിവാ ഹിതരാകാതെ കഴിയുന്ന യുവതികൾക്ക് വിവാഹ സഹായം നൽകുക എന്നതാണ് സാന്ത്വനം മംഗല്യത്തിന്റെ ലക്ഷ്യം.

ഇതുവരെയായി 72 അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്. 68 അപേക്ഷകൾക്ക് സഹായം നൽകുവാൻ സാധിച്ചു. സാന്ത്വനം മംഗ ല്യത്തിനായി ഈ മാസം 10 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. അന്വേ ഷണ വിധേയമാക്കിയതിനു ശേഷം 6 യുവതികൾക്ക് ധനസഹായം നൽകുവാൻ സാധിച്ചു.

**വിവാഹ മുന്നൊരുക്ക കോഴ്സ്**

ജൂൺ 8, 9, 10 തീയതികളിൽ നടന്ന കോഴ്സിൽ 51 പെൺകു ട്ടികളും 54 ആൺകുട്ടികളും ജൂൺ 18, 19, 20 വരെ തീയതികളിൽ നടന്ന ക്ലാസ്സിൽ 32 ആൺകുട്ടികളും 35 പെൺകുട്ടികളും പങ്കെ



ടുത്തു. ഇവരെ ഗ്രൂപ്പുകളായിതിരിച്ച് ആനുകാലിക പ്രശ്നങ്ങളെ ക്കുറിച്ച് ചർച്ച ചെയ്തു. എല്ലാവരും സജീവമായി പങ്കെടുത്തു.

**മാര്യേജ് ബ്യൂറോ**

മാര്യേജ് ബ്യൂറോ ഓൺ ലൈൻ രജിസ്ട്രേഷൻ ചെയ്യാവു ന്നതാണ്. ഈ മാസത്തിൽ മാര്യേജ് ബ്യൂറോയിൽ 26 വ്യക്തിക ളുടെ പേര് രജിസ്റ്റർ ചെയ്തു.

**ഏകസ്ത സംഗമം**

തിരുവനന്തപുരം അതിരൂപതയിലെ ഏകസ്ഥരുടെ സംഗമം ജൂലൈ 6 വെള്ളിയാഴ്ച 2 മണിക്ക് വെള്ളയമ്പലം ലിറ്റിൽ ഫ്ളവർ ഹാളിൽ വച്ച് സംഘടിപ്പിക്കുന്നു. ഏകസ്ഥരുടെ അജപാലനം മുന്നിൽ കണ്ടുകൊണ്ട് "ആരും തനിച്ചല്ല" (**No One Left alone**) എന്ന ക്ഷേമപരിപാടി അഭിവന്ദ്യ സൂസപാക്യം പിതാവ് അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ കേരള സംസ്ഥാന ഫിഷറീസ് വകുപ്പ് മന്ത്രി ശ്രീമതി മേഴ്സിക്കുട്ടിയമ്മ ഉത്ഘാടനം ചെയ്യുന്നു.

**അറിയിപ്പുകൾ**

**വിവാഹ ഒരുക്കസെമിനാർ**

2018 ജൂലൈ 6, 7, 8

2018 ജൂലൈ 23, 24, 25

2018 ഡിസംബർ മാസം **28, 29, 30** തീയതികളിൽ ഒരു കോഴ്സു കൂടി നടത്തുന്നതാണ്.

## Vicar Forane, Forane Priests' Secretary and Forane Directors of the Ministries

| Foranes | Anjengo | Puthukurichy | Kazhakuttom | Pettah | Palayam | Valiyathura | Kovalam | Pulluvila | Thoothur |
|---|---|---|---|---|---|---|---|---|---|
| Vicar Forane | Fr. Joseph Bhaskaran | Msgr. Wilfred E. | Msgr. George Paul | Fr. [illegible] | Msgr. Nicolas T. | Fr. Symon Kaladiel | Fr. Baby Robinson | Fr. George Gomez | Fr. Andrew Kosmos |
| Forane Secretary | Fr. John Dell | Fr. Daniel | Fr. Francis Iruvial | Fr. Albert M. | Fr. Winston V. | Fr. Immanuel | Fr. Roshan Richard | Fr. Andrews P.D. | Fr. Anto Jaris |
| 1. BCC | Fr. Bijin Body | Fr. Ashlin Jose | Fr. Thomas Netto | Fr. Suresh Rose | Fr. Antony Mendez | Fr. Lanz Benedict | Fr. Sanesh | [illegible] | |
| 2. Family Apo. | Fr. Sebastian Pallikkal | Fr. Saju Robber | Fr. Davis SAC | Fr. Jerald Savio | Fr. Rajeesh | Fr. Joseph Basilio | Fr. Jolsey OFD | Fr. Shibu | Fr. Luciano Thomas |
| 3. Youth | Fr. Sabin Fernandez | Fr. Jose Biju | Fr. Richard Zacharias | Fr. Christudas Philip | Fr. Santhosh Kumar | Fr. Jerome Rose | Fr. Saby PVD | Fr. Shiju | Fr. Rajesh Babu |
| 4. Education | Fr. Pradeep | Fr. Shajin Jose | Fr. D. Thomas | | Fr. Jose G | Fr. Dileep OFM | Fr. Joffin | Fr. Pauly Solomon | Fr. Israel Antony |
| Media | | | | | | | | Fr. Fabian Fernandez | |
| 5. Social | Fr. Rony Rozario | Fr. Silvester Kurisu | Fr. Clansily Paul | Fr. Christopher M.L. | Fr. Lenin Raj | Fr. Paul G. | Fr. Justin Julius | Fr. George Gomez | Fr. Ramesh Peter |
| 6. Laity | Fr. Sebastian Pallikkal | Fr. Mario Dominic | Fr. A.R. John | Fr. Robinson F. | Fr. Jerome Amos | Fr. Joy C. | Fr. Basil Manoj | Fr. Thomas R. | Fr. [illegible] |
| Prison Assist. | | | | | | | | | |
| Ecumenism | | | | | Fr. Deepak Anto | | | | |
| 7. Pastoral Ministry: Pastoral | Fr. John Bosco | Fr. Davidson | Fr. Eldin Joseph | | Fr. Muthappan | Fr. Melkon | Fr. John Bosco | | Fr. Shaju Joseph |
| Bible | | | | | | | | | |
| Catechism | | Fr. Jerome Alphonse | | | | Fr. Joy C. | | | |
| Liturgy | | Fr. [illegible] Kerry | | | | | | | |
| Sch.&Devlp | | | | | | | | | |
| Vocation | | | | | | | | | |
| Clergy & Rel. | | | | | | | | | |

# യുവജന ശുശ്രൂഷ

**'തെയ്സെ ഈവ് 2018'**

കെ.സി.വൈ.എം. തിരുവനന്തപുരം ലത്തീൻ അതിരൂപതയുടെ നേതൃത്വത്തിൽ 'തെയ്സെ ഈവ് 2017' എന്ന പേരിൽ പ്രാർത്ഥനാ സംഗീതവിരുന്ന് സംഘടിപ്പിച്ചു. 2018 ജൂൺ 3 ന് വെകുന്നേരം 6.00 മുതൽ 9.00 മണി വരെ നീണ്ടുനിന്ന ഈ സംഗീതവിരുന്ന് കെ.സി.വൈ.എം. ഔദ്യോഗിക പ്രാർത്ഥനാ ടീമായ 'ന്യൂ വിഷൻ തെയ്സേ പ്രയർ ടീം' നയിച്ചു. പള്ളിത്തുറ പരിശുദ്ധ ആരോഗ്യമാതാ മൈതാനത്തിൽ നടന്ന പ്രാർത്ഥനാ സംഗീത കൂട്ടായ്മയിൽ തിരുവനന്തപുരം ലത്തീൻ അതിരൂപത ആർച്ച് ബിഷപ് സൂസപാക്യം അനുഗ്രഹ പ്രഭാഷണം നടത്തി. സഹായ മെത്രാൻ ആർ. ക്രിസ്തുദാസ് പിതാവിന്റെ സാന്നിദ്ധ്യം ഉണ്ടായിരുന്നു. കെ.സി.വൈ.എം, ജീസസ്സ് യൂത്ത് വ്യത്യാസങ്ങളി ല്ലാതെ ആയിരത്തോളം യുവജനങ്ങൾ പങ്കെടുത്തു.

**യൂത്ത് സർവ്വെ ട്രെയിനേഴ്സ് ട്രെയിനിംഗ് പ്രോഗ്രാം**

കെ.ആർ.എൽ.സി.സി. യുടെ നിർദ്ദേശാനുസരണം അതിരൂപതയിൽ നടത്തപ്പെടുന്ന യൂത്ത് സർവ്വെയുമായി ബന്ധപ്പെട്ട ഫെറോന ഇടവക തലങ്ങളിൽ ട്രെയിനിംഗിന് പോകുന്ന റിസോഴ്സ് ടീം അംഗങ്ങൾക്ക് അതിരൂപതാ തലത്തിൽ ട്രെയിനേഴ്സ് ട്രെയിനിംഗ് ക്യാമ്പ് സംഘടിപ്പിച്ചു. ജൂൺ 15 ന് വെള്ളയമ്പലം ആനിമേഷൻ സെന്ററിൽ വച്ച് നടന്ന ഈ ട്രെയിനിംഗിൽ 15 ഓളം പേർ പങ്കെടുത്തു.



**യൂത്ത് സർവ്വെ ഫെറോനാതല ട്രെയിനിംഗ്**

തിരുവനന്തപുരം അതിരൂപതയുടെ ചരിത്രത്തിലാദ്യമായിട്ടാണ് ഒരു "യുവജന സർവ്വേ" യ്ക്ക് ഒരുങ്ങുന്നത്. 2025 ഓടുകൂടി നമ്മുടെ യുവജനങ്ങൾ വിദ്യാഭ്യാസ - തൊഴിൽ മേഖലകളിൽ സർക്കാർ - സർക്കാരിതര നൂതന സാധ്യതകൾ കണ്ടെത്തി മുന്നേറാൻ ഒരു കൈത്താങ്ങാവുക എന്നതാണ് സർവ്വെയുടെ ലക്ഷ്യം. അതിന്റെ ആദ്യപടിയായി ഓരോ ഇടവകയ്ക്കും "അഡ്മിൻമാരെ" ലഭ്യമാക്കേണ്ടതുണ്ട്. 500 കുടുംബങ്ങളിൽ താഴെയുള്ള ഇടവകകൾക്ക് ഒന്നും 500 നും 1000 നും ഇടയിൽ കുടുംബങ്ങൾ ഉള്ള ഇടവകകൾക്ക് രണ്ടും 1000 ന് മുകളിൽ കുടുംബങ്ങൾ ഉള്ള ഇടവകകൾക്ക് മൂന്നും അഡ്മിൻമാർ ഉണ്ടായിരിക്കും. ഇത്തരത്തിൽ തെരഞ്ഞെടുക്കപ്പെട്ട ഇടവകതല അഡ്മിൻമാർക്കായി ഫെറോനകൾ കേന്ദ്രീകരിച്ച് ട്രെയിനിംഗുകൾ നടത്തി. 18.06.2018 ൽ പുല്ലുവിള ഫെറോനയുടെ ട്രെയിനിംഗ് പൂവാർ ഇടവകയിൽ വച്ചും കോവളം ഫെറോനയുടെ ട്രെയിനിംഗ് ഫെറോന സെന്ററായ ആഴാകുളത്തു വച്ചും വലിയതുറ ഫെറോന ട്രെയിനിംഗ് വലിയതുറ ഫെറോന സെന്ററിൽ വച്ചും നടത്തി. 19.06.2018 ൽ പാളയം ഫെറോന ട്രയിനിംഗ് പാളയം കത്തീഡ്രൽ ദൈവാലയത്തിൽ വച്ചും പേട്ട ഫെറോന ട്രെയിനിംഗ് പേട്ട ഇടവകയിൽ വച്ചും പുതുക്കുറിച്ചി ഫെറോന ട്രെയിനിംഗ് വെട്ടുതുറ ഇടവകയിൽ വച്ചും അഞ്ചുതെങ്ങ് ഫെറോന ട്രെയിനിംഗ് അഞ്ചുതെങ്ങ് ഇടവകയിൽ വച്ചും കഴക്കൂട്ടം ഫെറോന ട്രയിനിംഗ് കഴക്കൂട്ടം ഇടവകയിൽ വച്ചും നടത്തി. ഇതിൽ ഇടവക അഡ്മിൻമാരെ കൂടാതെ ഇടവകതല സെക്രട്ടറി, ബി.സി.സി. കോ-ഓർഡിനേറ്റർ, ഇടവക വികാരി എന്നിവർ പങ്കെടുത്തു. യൂത്ത് സർവ്വെയുമായി ബന്ധപ്പെട്ട സർവ്വേ ഫോമുകൾ ഫെറോനകളിൽ സമയബന്ധിതമായി എത്തിച്ചു.

# വിദ്യാഭ്യാസശുശ്രൂഷ

## അഞ്ചുതെങ്ങ് ഫെറോന

അഞ്ചുതെങ്ങ് ഫെറോന എക്സിക്യൂട്ടീവ് യോഗം ജൂൺ 17 ന് കോഓർഡിനേറ്റർ പ്രദീപ് അച്ചന്റെ അധ്യക്ഷതയിൽ നടന്നു. ഫെറോന പദ്ധതി രേഖപ്രകാരം 10-ാം ക്ലാസ് കുട്ടികൾക്കായി മോട്ടിവേഷൻ ക്ലാസ്സ് ജൂൺ 27 ന് നടത്താൻ തീരുമാനിച്ചു.

**ഇടവകതലം**

**അഞ്ചുതെങ്ങ്:** സിവിൽ സർവ്വീസ് ക്ലാസ്സ് മെയ് 12 ന് നടത്തി. 50 കുട്ടികൾ പങ്കെടുത്തു. കണക്ക് എങ്ങനെ എളുപ്പത്തിൽ പഠിക്കാം എന്ന് ക്ലാസ്സ് നടത്തി. 80 കുട്ടികൾ പങ്കെടുത്തു ഇടവകതലത്തിൽ മെയ് 19 ന് കരിയർ ഗൈഡൻസ് ക്ലാസ് നടത്തി. 70 കുട്ടികൾ പങ്കെടുത്തു.

**വെന്നിക്കോട്:** സമിതിയോഗം ജൂൺ 10 ന് നടന്നു. എസ്എസ്എൽസി, +2 വിജയിച്ച കുട്ടികൾക്ക് മെറിറ്റ് അവാർഡും ഉന്നത വിദ്യാഭ്യാസത്തിനായി ഒരു കുട്ടിക്ക് ധനസഹായവും നൽകാൻ തീരുമാനിച്ചു.

**ഫാ. പ്രദീപ്** — **ഗ്ലാഡിസ് ജെയിംസ്**
കോഓർഡിനേറ്റർ — ആനിമേറ്റർ

## പേട്ട ഫെറോന

**ഫെറോനതലം**

മെയ് 27 ന് കുമാരപുരത്ത് വച്ച് ഫെറോനാ വിദ്യാഭ്യാസ സമിതി യോഗം കൂടി. പ്രേഷിത കുരിശിന്റെ പ്രയാണ ത്തോടനുബന്ധിച്ച് ജൂൺ 7 ന് 2 മണി മുതൽ ഉന്നത വിദ്യാഭ്യാസ അവസരങ്ങളും തൊഴിൽ മേഖലയും എന്ന വിഷയത്തെക്കുറിച്ച് ക്ലാസ് നടത്താൻ തീരുമാനിച്ചു. പേട്ട, കുമാരപുരം, പുഷ്പഗിരി, പോങ്ങുംമൂട്, ശ്രീകാര്യം, വികാസ്നഗർ, മുട്ടട, കുന്നിൻപുറം എന്നീ ഇടവകകളിൽ നിന്നും കൺവീനർമാർ പങ്കെടുത്തു.



ജൂൺ 7 ന് കുമാരപുരത്ത് വച്ച് ഇടവകകളിലെ വിദ്യാഭ്യാസ സമിതി അംഗങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ അവസരങ്ങളും തൊഴിൽ മേഖലയും എന്ന വിഷയത്തെക്കുറിച്ച് ഡോ.സാംസൺ ക്ലാസെടുത്തു. വിവിധ ഇടവകകളിൽ നിന്നും 30 പേർ പങ്കെടുത്തു.

മുട്ടട ഹോളിക്രോസ് എൽപിഎസ്, പേട്ട സെന്റ് ആൻസ് എൽപിഎസ് എന്നീ സ്കൂളുകൾ സന്ദർശിച്ചു.

**ഫാ. അഗസ്റ്റിൻ ജോൺ** — **സുശീല ഷാജി**
കോഓർഡിനേറ്റർ — ആനിമേറ്റർ

## കഴക്കൂട്ടം ഫെറോന

**ഫെറോനതലം**

ശുശ്രൂഷാസമിതിയോഗം ജൂൺ 17 ന് വിദ്യാഭ്യാസ കോഓർഡിനേറ്റർ ഡി.തോമസ് അച്ചന്റെ അദ്ധ്യക്ഷതയിൽ ഫെറോന സെന്ററായ സെന്റ് ജോസഫ് പള്ളിയിൽ കൂടി. 8,9,10 ക്ലാസ്സിലെ കുട്ടികൾക്കായി നേതൃത്വ പരിശീലന ക്ലാസ്സ് സംഘടിപ്പിക്കാൻ തീരുമാനിച്ചു. ഫെറോന അദ്ധ്യാപക സംഗമം നടത്തുവാനും തീരുമാനിച്ചു.

**ഇടവകതലം**

കാര്യവട്ടം ഇടവകയിൽ എസ്എസ്എൽസി യിൽ ഉന്നതവിജയം നേടിയ കുട്ടികൾക്ക് ജൂൺ 24 ന് മെറിറ്റ് അവാർഡ് നൽകും. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ബിഎസ്സി വിദ്യാർത്ഥിക്ക് 1000 രൂപ സാമ്പത്തിക സഹായം നൽകി വരുന്നു.

**സെന്റ് ജോസഫ് കഴക്കൂട്ടം:** വിദ്യാഭ്യാസസമിതിയും യുവജന ശുശ്രൂഷയുമായി ചേർന്ന് വിദ്യാഭ്യാസ സർവ്വേ നടത്തും. ജൂൺ 26 ന് പിഎസ് സി യുടെ ഒരു മോട്ടിവേഷൻ ക്ലാസ് നടത്തും.

**മുരുക്കുംപുഴ:** ഇടവകയിൽ വിദ്യാഭ്യാസ സർവ്വേ നടക്കുന്നു

**ഫാ. ഡി. തോമസ്** — **ജൂലിയറ്റ് പോൾ**
കോഓർഡിനേറ്റർ — ആനിമേറ്റർ

**ഫെറോന പരിപാടികൾ**

**ഫെറോന എക്സിക്യൂട്ടീവ് യോഗം:** മാർച്ച് 23 ന് പാളയം ഇടവകയിൽ വച്ച് ജേക്കബ് സ്റ്റെല്ലസ്സിന്റെ അദ്ധ്യക്ഷതയിൽ കൂടി. 2017-18 വർഷത്തെ പദ്ധതി പ്രകാരം നടന്ന പ്രവർത്തനങ്ങൾ വിലയിരുത്തി, 2018-19 വർഷത്തെ പ്ലാൻ പ്രകാരമുള്ള പ്രവർത്തന ങ്ങൾ ആസൂത്രണം ചെയ്തു.

**ഫെറോന സമിതി:** മെയ് 10-ാം തിയതി കിള്ളിപ്പാലം സെന്റ് ജൂഡ് പള്ളിയിൽ വച്ച് വൈദിക കോഓർഡിനേറ്റർ ജേക്കബ് സ്റ്റെല്ലസിന്റെ അദ്ധ്യക്ഷതയിൽ കൂടി നടപ്പിലാക്കിയ പ്രവർത്തനങ്ങൾ (അവധിക്കാല സംഗമം, കരിയർ ഗൈഡൻസ്) ഇതുവരെയുള്ള കണക്ക് പരിശോധിച്ചു വിലയിരുത്തി.

**അവധിക്കാല സംഗമം**: ഏപ്രിൽ 26 മുതൽ 28 വരെ വെള്ളയമ്പലം ആനിമേഷൻ സെന്ററിൽ സഹായമെത്രാൻ ക്രിസ്തുദാസ് പിതാവ് ഉത്ഘാടനം ചെയ്തു. വൈദിക കോർഡിനേറ്റർ അദ്ധ്യക്ഷത വഹിച്ചു. ഫാ.ശാന്തപ്പന്റെ (ഡയറക്ടർ, ബോർഡ് ഓഫ് എജ്യൂക്കേഷൻ) ആശംസാ പ്രസംഗം നടത്തി. 3 ദിവസം താമസിച്ചിട്ടുള്ള സംഗമത്തിൽ 41 കുട്ടികൾ വിവിധ ഇടവകകളിൽ നിന്ന് പങ്കെടുത്തു. (കിള്ളിപ്പാലം, പാളയം -10, നന്തൻകോട് -2, കുറവൻകോണം-3, മുടവൻമുഗൾ-5, പുന്നയ്ക്കാമുഗൾ-3, കുടപ്പനക്കുന്ന് -2, കാഞ്ഞിരംപാറ-8) കരിയർ ഗൈഡൻസ്, സ്വഭാവ രൂപീകരണ സാമൂഹ്യ നേതൃത്വ പരിശീലനം, ഗ്രൂപ്പ് ഡൈനാമിക്സ് അബാക്കസ്, ടൈം മാനേജ്മെന്റ്, ഗുഡ് മാനേർസ്, സ്റ്റഡി ടു ഐഎസ്ആർഒയിലേയ്ക്ക് എന്നിവ സംഘടിപ്പിച്ചു.

**ഇടവക പ്രവർത്തനങ്ങൾ**

**നന്തൻകോട്:** സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന 11 വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ധനസഹായമായി 32,500/- രൂപ വികാരിയച്ചന്റെ നേതൃത്വത്തിൽ നൽകി. കൂടാതെ യൂണിഫോം, പഠനോപകരണം എന്നിവയും നൽകി.



**പുന്നയ്ക്കാമുഗൾ**: മെയ് 13-ന് എസ്എസ്എൽസി യ്ക്ക് എല്ലാ വിഷയത്തിനും എ+ കരസ്ഥമാക്കിയ 3 വിദ്യാർത്ഥികൾക്ക് മെയ് 13 ന് 3000/- രൂപ ക്യാഷ് അവാർഡും മെമന്റോയും നൽകി. ജൂൺ 10 ന് എൽകെജി മുതൽ ഡിസി വരെയുള്ള 52 വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്തു.

**കുറവൻകോണം**: +2 ന് ഫുൾ മാർക്ക് (1200/1200) കരസ്ഥമാക്കിയ വിദ്യാർത്ഥിനിക്ക് ഇടവക അംഗങ്ങളുടെ സാന്നിദ്ധ്യത്തിൽ മെയ് 27 ന് മെമന്റോ നൽകി ആദരിച്ചു. ഇന്നേദിവസം വിദ്യാഭ്യാസ ദിനാചരണം നടത്തി.

**പൂഴികുന്ന്**: എസ്എസ്എൽസിയ്ക്ക് ഉന്നത വിജയം കരസ്ഥമാക്കിയ 2 വിദ്യാർത്ഥികൾക്ക് ജൂൺ 17 ന് വികാരിയച്ചൻ മെമന്റോ നൽകി ആദരിച്ചു.

**കുടപ്പനക്കുന്ന്**: പഠന നിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ജൂൺ 27 ന് പേരന്റ് അവയർനസ് സ്റ്റുഡൻസ് മോട്ടിവേഷൻ എന്നിവയിൽ സെമിനാർ സംഘടിപ്പിച്ചു. ഡോ.സിദ്ധിക്ക് (ക്ലീനിക്കൽ സൈക്കോളജിസ്റ്റ്, മെഡിക്കൽ കോളേജ്, തിരു.) ക്ലാസ്സ് നയിച്ചു. ഈ ക്ലാസ്സിൽ 40 വിദ്യാർത്ഥികളും 30 മാതാപിതാക്കളും പങ്കെടുത്തു.

**വെള്ളയമ്പലം**: നവപഠിതാക്കളായ 12 വിദ്യാർത്ഥികൾക്ക് വികാരിയച്ചന്റെ നേതൃത്വത്തിൽ മെയ് ഒന്നാം തിയതി ആദ്യക്ഷരം കുറിച്ചു. അന്നേ ദിവസം 60 വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്തു.

**തൈക്കാട്**: എസ്എസ്എൽസിയ്ക്ക് ഉന്നതവിജയം കരസ്ഥമാക്കിയ 7 വിദ്യാർത്ഥികൾക്കും +2 ന് ഉന്നത വിജയം കരസ്ഥമാക്കിയ 8 വിദ്യാർത്ഥികൾക്കും എംബിബിഎസ് കരസ്ഥമാക്കിയ 1 വിദ്യാർത്ഥിക്കും ജൂൺ 3 ന് 1000/- രൂപ വീതമുള്ള സമ്മാനം വിതരണം ചെയ്തു. പ്രവേശനോത്സവത്തിന്റെ ഭാഗമായി 6 നവപഠിതാക്കൾക്ക് പഠനോപകരണ കിറ്റ് വികാരിയച്ചൻ വിതരണം

ചെയ്തു. കൂടാതെ 280 വിദ്യാർത്ഥികൾക്ക് (ഇടവക അംഗങ്ങളല്ലാത്ത 100 വിദ്യാർത്ഥികൾക്കും) പഠനോപകരണം വിതരണം ചെയ്തു.

**മണക്കാട്**: സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന 6 വിദ്യാർത്ഥികൾക്ക് മെയ് 27 ന് 30,000/- രൂപ ധനസഹായമായി വികാരിയച്ചന്റെ നേതൃത്വത്തിൽ നൽകി.

**കാഞ്ഞിരംപാറ**: ഏപ്രിൽ, മെയ് മാസങ്ങളിൽ വിദ്യാഭ്യാസ സർവ്വേ പൂർത്തിയാക്കി. (എൽകെജി മുതൽ ഉന്നത വിദ്യാഭ്യാസം)

**കിള്ളിപ്പാലം**: ഏപ്രിൽ 8-ാം തിയതി മുതൽ മെയ് 27-ാം തിയതി വരെ എല്ലാ ഞായറാഴ്ചയും 9.30 മുതൽ 11 മണി വരെ കമ്മ്യൂണിക്കേറ്റിവ് ഇംഗ്ലീഷ് ക്ലാസ്സ് ശ്രീ.തദ്ദേവൂസിന്റെ നേതൃത്വത്തിൽ നടക്കുകയുണ്ടായി. ഈ ക്ലാസ്സിൽ 21 വിദ്യാർത്ഥികൾ പങ്കെടുത്തു.

**കുലശേഖരം**: വിദ്യാഭ്യാസ ദിനാചരണത്തിന്റെ ഭാഗമായി ജൂൺ 3 ന് 85 വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വികാരിയച്ചന്റെ നേതൃത്വത്തിൽ വിതരണം ചെയ്തു.

**കാച്ചാണി:** എല്ലാ ശുശ്രൂഷാസമിതിയും സംയുക്തമായി മെയ് 7 മുതൽ 11 വരെ അവധിക്കാല സംഗമം സംഘടിപ്പിച്ചു. നിർദ്ധനരായ 40 വിദ്യാർത്ഥികൾക്ക് പഠനോപകരണം വികാരിയച്ചന്റെ നേതൃത്വത്തിൽ വിതരണം ചെയ്തു. ദൈവാനുഭവം വളർത്തുന്നതിന്റെ ഭാഗമായി മെയ് 28 ന് തീർത്ഥാടന കേന്ദ്രങ്ങൾ സന്ദർശിച്ചു.

**നെട്ടയം:** വിദ്യാഭ്യാസ ദിനാചരണത്തിന്റെ ഭാഗമായി 12 വിദ്യാർത്ഥികൾക്ക് ജൂൺ 3ന് പഠനോപകരണം വിതരണം ചെയ്തു. എസ്എസ്എൽസി യ്ക്ക് ഉന്നത വിജയം കരസ്ഥമാക്കിയ 5 വിദ്യാർത്ഥികൾക്കും +2 ന് ഉന്നത വിജയം കരസ്ഥമാക്കിയ 5 വിദ്യാർത്ഥികൾക്കും വികാരിയച്ചന്റെ നേതൃത്വത്തിൽ മെമന്റോ



വിതരണം ചെയ്തു. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന, പഠനത്തിൽ മുന്നിലുള്ള ഒരു 7-ാം ക്ലാസ് വിദ്യാർത്ഥിക്ക് സ്കൂൾ ഫീസ് ഇനത്തിൽ 4800/-രൂപ കഴിഞ്ഞ വർഷം മുതൽ കൊടുത്തു വരുന്നു. ഈ വർഷവും ഓരോ ടേമിൽ 1200/- രൂപ നൽകി വരുന്നു.

**പാളയം:** ഏപ്രിൽ 14-ാം തിയതി 8-ാം ക്ലാസു മുതൽ 12-ാം ക്ലാസ്സു വരെ വിദ്യാർത്ഥികൾക്കായി കരിയർ ഗൈഡൻസ് ഏപ്രിൽ 14 ന് സംഘടിപ്പിച്ചു. ശ്രീ.അജി ജോർജ്ജ് നയിച്ച ക്ലാസ്സിൽ 60 വിദ്യാർത്ഥികൾ പങ്കെടുത്തു. മെയ് 27-ാം തിയതി ആദ്യമായി സ്കൂളിൽ പോകുന്ന നവപഠിതാക്കൾക്ക് 30 വിദ്യാർത്ഥികൾക്ക് വികാരിയച്ചൻ ആദ്യാക്ഷരം കുറിച്ചു.

**പേരൂർക്കട:** വിദ്യാഭ്യാസ ദിനാചരണത്തിന്റെ ഭാഗമായി മെയ് 27 ന് 73 വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങളും 47 വിദ്യാർത്ഥികൾക്ക് കുടയും വികാരിയച്ചന്റെ നേതൃത്വത്തിൽ വിതരണം ചെയ്തു.

**സ്കൂൾതല പ്രവർത്തനങ്ങൾ**

**സെന്റ് ജോസഫ്സ് എൽപിഎസ് പരിശീലനം:** ജൂൺ 1-ാം തീയതി പ്രവേശനോത്സവത്തിന് തുടക്കം കുറിച്ചു. ഇടവക വികാരി അദ്ധ്യക്ഷനായ യോഗത്തിൽ (സഹായമെത്രാൻ) ക്രിസ്തുദാസ് പിതാവ് ഉത്ഘാടനം നിർവഹിച്ചു. വാർഡ് കൗൺസിലർ ആശംസ അർപ്പിച്ചു. തുടർന്ന് മുത്തൂറ്റ് ബാങ്കിന്റെ നേതൃത്വത്തിൽ പഠനോപകരണങ്ങൾ 63 വിദ്യാർത്ഥികൾക്ക് വിതരണം ചെയ്തു. ഹെഡ്മാസ്റ്ററിന്റെയും അദ്ധ്യാപകരുടെയും നേതൃത്വത്തിൽ വിദ്യാർത്ഥികൾ ദീപം തെളിച്ചു പ്രതിജ്ഞ ചൊല്ലി. യോഗത്തിൽ ഇടവക വിദ്യാഭ്യാസ സമിതി അംഗങ്ങൾ, പിറ്റിഎ പ്രതിനിധികൾ, വികസനസമിതി പ്രതിനിധികൾ, രക്ഷകർത്താക്കൾ എന്നിവർ പങ്കെടുത്തു. യോഗത്തിൽ പങ്കെടുത്ത വിശിഷ്ട വ്യക്തികൾക്ക് ഹെഡ്മിസ്ട്രസ് (സുമ ടീച്ചർ) നന്ദി അർപ്പിച്ചു. വിദ്യാർത്ഥികൾക്ക് മധുരം വിതരണം ചെയ്തു.

**പരിസ്ഥിതി ദിനം**: ജൂൺ 5-ാം തിയതി മുൻ വനം വകുപ്പു മന്ത്രിയായ ശ്രീ.ബിനോയ് വിശ്വം വൃക്ഷതൈ നട്ടു ഉത്ഘാടനം നടത്തി. വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും സാന്നിധ്യത്തിൽ ഇടവക വിദ്യാഭ്യാസ ശുശ്രൂഷ, സാമൂഹ്യ ശുശ്രൂഷ എന്നീ സമിതി അംഗങ്ങൾ വൃക്ഷതൈ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും വിതരണം ചെയ്തു.

**സെന്റ് ആന്റണീസ് എൽപിഎസ് പൂഴിക്കുന്ന്:** ജൂൺ 1-ാം തിതി പ്രവേശനോത്സവത്തിന് ഇടവക വികാരിയച്ചന്റെ അദ്ധ്യക്ഷത യോടും ഉത്ഘാടനത്തോടും കൂടി യോഗം ആരംഭിച്ചു. വാർഡ് കൗൺസിലർ ആശംസ അർപ്പിച്ചു. വായനശാലയുടെ നേതൃത്വത്തിൽ 70 വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്തു. എച്ച് എം ന്റെയും അദ്ധ്യാപകരുടെയും നേതൃത്വത്തിൽ വിദ്യാർത്ഥികൾ ദീപം തെളിച്ചു പ്രതിജ്ഞ ചൊല്ലി. വിദ്യാർത്ഥികൾക്ക് മധുരം വിതരണം ചെയ്തു. ഈ യോഗത്തിൽ വായനശാല സെക്രട്ടറി, കൗൺസിലർ, പിറ്റിഎ അംഗങ്ങൾ, ഇടവക അംഗങ്ങൾ, രക്ഷകർത്താക്കൾ എന്നിവർ പങ്കെടുത്തു.

**പരിസ്ഥിതി ദിനം**: ജൂൺ 5-ാം തിയതി പരിസ്ഥിതി ദിനത്തോട നുബന്ധിച്ച് സെമിനാർ സംഘടിപ്പിച്ചു. വായനശാല പ്രസിഡന്റ് ശ്രീ.രാജപ്പൻ ക്ലാസ്സ് നയിച്ചു. പിറ്റിഎ പ്രസിഡന്റ് വൃക്ഷതൈ നട്ടു ഉത്ഘാടനം നിർവഹിച്ചു. തുടർന്ന് അദ്ധ്യാപകരും വിദ്യാർത്ഥികളും വൃക്ഷതൈ നടുകയുണ്ടായി. ഈ പരിപാടിയിൽ ഇടവക അംഗങ്ങളും പിറ്റിഎ അംഗങ്ങളും പങ്കെടുക്കുകയുണ്ടായി.

**ഫാ. ജോസ് ജി** — **ജൂലി ഡയനേഷ്യസ്**

കോഓർഡിനേറ്റർ — ആനിമേറ്റർ



## വലിയതുറ ഫെറോന

**ഫെറോനാതല പ്രവർത്തനങ്ങൾ**

ജൂൺ 9 ന് വൈദികകോർഡിനേറ്റർ ജോസ് ദിലീപ് അച്ചന്റെ നേതൃത്വത്തിൽ ജൂൺ, ജൂലായ് മാസങ്ങളിലെ പദ്ധതി പരിപാടികൾ സംബന്ധിച്ച് തീരുമാനമെടുത്തു. യോഗത്തിൽ 10 ൽ 6 ഇടവകയിൽ നിന്നു അംഗങ്ങൾ പങ്കെടുത്തു.

**ഓഖി ഭവന സന്ദർശനം**: ഓഖി ദുരന്തത്തിനാവശ്യമായി ബന്ധപ്പെട്ട വിദ്യാഭ്യാസ ശുശ്രൂഷാ പ്രവർത്തനത്തിന്റെ ഭാഗമായി കുട്ടികളുടെ ഭവനസന്ദർശനം നടത്തി.

കുട്ടികളുടെ സ്കൂൾ ഫീസ്, ബസ് ഫീസ്, ബാഗ്, പുസ്തകം എന്നിവയുടെ ചെലവ് വിവരങ്ങൾ ശേഖരിച്ചു. ജൂൺ 16 ന് ഓഖിബാധിതർക്കുള്ള മീറ്റിംഗ് ഫെറോനാ സെന്റർ തോപ്പിൽ വച്ച് നടത്തി. യോഗത്തിൽ ഫെറോനാവികാരി സൈറസച്ചൻ റ്റിഎസ്എസ്എസ് കോഓർഡിനേറ്റർ ഫാ. പോൾ എന്നിവർ പങ്കെടുത്തു. കുട്ടികളുടെ ഫീസ് സംബന്ധിച്ച് കാര്യങ്ങൾ ചർച്ച ചെയ്തു തീരുമാനിച്ചു; അതിനോടനുബന്ധിച്ചുള്ള ലിസ്റ്റ് തയ്യാറാക്കി ഫെറോനാവികാരി ഒപ്പുവച്ച് രൂപതയിൽ ഏൽപിച്ചു. ജൂൺ 20 ന് ഓഖി മീറ്റിംഗിൽ വച്ച് ചർച്ച ചെയ്തു തീരുമാനമെടുക്കും.

**പിഎസ്സി തുടർച്ച**: ജൂൺ 13 ഓടെ പിഎസ്സി പരിശീലനം 85 ക്ലാസുകൾ പൂർത്തീകരിച്ചു. വിദ്യാർത്ഥികൾക്ക് ടെസ്റ്റ് നടത്തി.

**പ്രവർത്തനം**

**കണ്ണാന്തുറ**: ജൂൺ 29 ന് എസ്എസ്എൽസി, +2 ഉന്നതവിജയിക ൾക്കും ജയിച്ച 33 കുട്ടികൾക്കും സമ്മാനങ്ങൾ നൽകി. ചിത്രരചന, കവിത, ഉപന്യാസം എന്നീ മത്സരവിജയികൾക്കും സമ്മാനങ്ങൾ നൽകി. ഡാറ്റാ ശേഖരണം യൂണിറ്റുതലത്തിൽ നടന്നുവരുന്നു.

കെ.റ്റി.ഇ.റ്റി: പരിശീലനം ജൂലായ് 7 ന് ആരംഭിക്കും. ഇതിനായി ഇടവകകളിൽ അറിയിപ്പു നല്കി.

**ഫാ. ജോസ് ദിലീപ് ofm cap** — **മേരി**

കോഓർഡിനേറ്റർ — ആനിമേറ്റർ

## പുല്ലുവിള ഫെറോന

ഫെറോന വിദ്യാഭ്യാസ ശുശ്രൂഷസമിതി യോഗം ജൂൺ 17 ന് കോഓർഡിനേറ്റർ ഫാ.ഫ്രെഡി സോളമന്റെ അദ്ധ്യക്ഷതയിൽ നടന്നു. യോഗത്തിൽ കെ.റ്റെറ്റ് 4-ാം ബാച്ച് ആരംഭിക്കുന്നതിനും, പിഎസ്സി പരിശീലനം, ഡിഫൻസ് പരിശീലനം, ഡിഗ്രി സ്റ്റുഡൻസ് ഫോറം, പോലീസ് കോൺസ്റ്റബിൾ തസ്തികകളിൽ പ്രത്യേക പരിശീലനം തുടങ്ങിയവ സംഘടിപ്പിക്കുന്നതിനും തീരുമാനിച്ചു. ഇവ കാര്യക്ഷമമാക്കുന്നതിന് യൂത്ത് മിനിസ്ട്രിയും സംയുക്തമായി നടപ്പിലാക്കാൻ തീരുമാനിച്ചു. വിദ്യാഭ്യാസ സമിതി യോഗത്തിൽ യൂത്ത് മിനിസ്ട്രി ഫെറോന എക്സിക്യൂട്ടീവ് അംഗങ്ങളെയും ഉൾപ്പെടുത്തിയായിരുന്നു സമിതി യോഗം.

ഡിഫൻസ് പരിശീലനം, ഡിഗ്രി സ്റ്റുഡൻസ് ഫോറം, പോലീസ് കോൺസ്റ്റബിൾ പരിശീലനം ജനറൽ പിഎസ്സി തുടങ്ങിയവയാണ് യൂത്ത് മിനിസ്ട്രിയുമായി പ്രവർത്തിക്കാൻ തീരുമാനിച്ചത്.

ഫെറോനതലത്തിൽ സംഘടിപ്പിച്ചുവരുന്ന 'സിവിൽ സർവ്വീസ് പരിശീലനത്തിൽ ഈ മാസം 5 ക്ലാസ്സുകൾ സംഘടിപ്പിച്ചു. "നളന്ദ" സിവിൽ സർവ്വീസ് അക്കാഡമി പരിസീലനത്തിന് നേതൃത്വം വഹിക്കുന്നു.

**കെ.റ്റെറ്റ് പരിശീലനം**: റ്റി.റ്റി.സി.ബി.എഡ് പാസ്സായ ഉദ്യോഗാർത്ഥികൾക്കായി കെ-റെറ്റ് പരിശീലനം മെയ് 21 ന് ആരംഭിക്കുകയും ജൂൺ 22 ന് പൂർത്തിയാക്കി, 23, 30 തിയതികളിൽ നടക്കുന്ന കെ.റെറ്റിന്റെ പരീക്ഷയിൽ 21 ഉദ്യോഗാർത്ഥികൾ പരീക്ഷ എഴുതും.

**ഇടവകാതലം:** സമിതിയോഗം പൂവാർ, നമ്പ്യാതി, ലൂർദ്ദുപുരം എന്നീ ഇടവകകളിൽ സംഘടിപ്പിച്ചു. ഇടവകാ പദ്ധതിയനുസരിച്ചുള്ള പ്രവർത്തനങ്ങളുടെ ക്രമീകരണം നടത്തി.

**നമ്പ്യാതി** ഇടവകയിൽ പിഎസ്സി പരിശീലനം തുടർപരിപാടിയായി എല്ലാ ദിവസവും വൈകുന്നേരം 6 മുതൽ 9 മണി വരെ നടന്നുവരുന്നു.



കരിയർഗൈഡൻസ് ക്ലാസ് 10, +2 കഴിഞ്ഞ 50 വിദ്യാർത്ഥികൾക്കായി സംഘടിപ്പിച്ചു. ഓരോ വിദ്യാർത്ഥിക്കും അഭിരുചിക്കനുസിച്ചുള്ള തൊഴിൽമേഖലകൾ കണ്ടെത്തുന്നതിനു യോജ്യമായ കോഴ്സുകൾ തെരഞ്ഞെടുക്കുന്നതിന് പ്രാപ്തരാക്കി.

**പുല്ലുവിള** ഇടവകയിൽ 31.5.18 പുല്ലുവിള ലെയോ XIII ഹയർ സെക്കന്ററിയിലെ അദ്ധ്യാപകർക്കായി രാവിലെ 10 മണി മുതൽ 3 മണി വരെ ലെയോള കോളേജിലെ അദ്ധ്യാപകനായ ബഹുമാനപ്പെട്ട സജി അച്ചന്റെ നേതൃത്വത്തിൽ മോട്ടിവേഷൻ ക്ലാസ്സ് സംഘടിപ്പിച്ചു. പ്രസ്തുത മോട്ടിവേഷൻ ക്ലാസ്സിൽ അദ്ധ്യാപകർ, വിദ്യാർത്ഥികൾ, മാതാപിതാക്കൾ എന്നിവരുടെ ഐക്യം സഹകരണം എന്നിവ ഉറപ്പിക്കുക, അദ്ധ്യാപനം കൂടുതൽ ആഴപ്പെടുത്തുക. വിദ്യാർത്ഥികളെ മനസ്സിലാക്കുക, അദ്ധ്യാപകർ പരസ്പരം സഹകരണം ഉറപ്പാക്കുക തുടങ്ങിയവയ്ക്ക് ഊന്നൽ നൽകി കൊണ്ടുള്ള മോട്ടിവേഷനാണ് അദ്ധ്യാപകർക്ക് നൽകിയത്.

**നവപഠിതാക്കൾക്ക്:** പൂവാർ ഇടവകയിൽ 72 കുട്ടികൾക്ക് 3/6/18 ൽ ആദ്യാക്ഷരം കുറിച്ചു. ഇന്നേ ദിവസം +2 വിജയിച്ച 20 കുട്ടികൾക്ക് കരിയർ ഗൈഡൻസ് സെമിനാറും സംഘടിപ്പിച്ചു.

**വായനാദിനം**: ജൂൺ 19-ാം തിയതി സ്കൂൾ തലത്തിൽ വായനാ ദിനം ആഘോഷിച്ചു. ഫെറോനയിലെ 10 സ്കൂളിൽ ക്വിസ് കോമ്പറ്റിഷൻ, ചിത്രരചനാമത്സരം, പുസ്തകപ്രദർശനം, വായനാ മത്സരം എന്നിവ സംഘടിപ്പിച്ചു.

**ഫാ. ഫ്രെഡി സോളമൻ** — കോഓർഡിനേറ്റർ
**മേരി ത്രേസ്യ മൊറായിസ്** — ആനിമേറ്റർ

## തൂത്തൂർ ഫെറോന

**ഇടവകതലപ്രവർത്തനം**

ഓഖിപ്രവർത്തനങ്ങൾ: നീരോടി, മാർത്താണ്ഡംതുറ, വള്ളവിള, ഇ.പി തുറ, ചിന്നത്തുറ, തൂത്തൂർ, പൂത്തുറ, ഇരയിമ്മൻതുറ

എന്നീ ഇടവകകളിൽ ഓഖി ലിസ്റ്റ് ശേഖരിച്ചു. രാജഗിരി കോളേജുകാർ നടത്തിയ കുട്ടികളുടെ 'സൗഹൃദം' പ്രോഗ്രാമിൽ രണ്ടു ദിവസം പങ്കെടുത്തു. വിഴിഞ്ഞം സ്ക്കൂളിൽ 2 ദിവസത്തെ ക്യാമ്പിൽ കുട്ടികളുമായി ചേർന്ന് പങ്കെടുത്തു.

**ഇരയിമ്മൻതുറ** ഇടവകയിൽ വച്ച് 4-ാം തീയതി ഫാ.സേവ്യറിന്റെ അധ്യക്ഷതയിൽ യോഗം നടത്തി. പദ്ധതി പ്രകാരമുള്ള എല്ലാ പരിപാടികളും നടത്തി. ഇടവകകളുടെ റിപ്പോർട്ട് കൊണ്ടുവരണ മെന്നും അവർ അത് അവതരിപ്പിക്കണമെന്നും എല്ലാവരും എല്ലാ മീറ്റിംഗിലും പങ്കെടുക്കണമെന്നും അച്ചൻ അറിയിച്ചു.

ജൂൺ 4 ന് 8 ഇടവകകളിലും പ്രവേശോത്സവം പള്ളിയിൽ നടത്തി. പാവപ്പെട്ട കുട്ടികൾക്ക് പുസ്തകങ്ങൾ വിതരണം ചെയ്തു.

27 നു തൂത്തൂർ ഫെറോനാ സെന്ററിൽ വച്ച് ഓഖി ബാധിതർക്കുള്ള മീറ്റിംഗ് നടത്തി.

7-ാം തിയതി +2 പാസായ ഓഖി ബാധിതരുടെ മക്കൾക്ക് ഡയറക്ടറുടെയും ഫെറോന ഡയറക്ടറുടെയും അധ്യക്ഷതയിൽ അനുമോദനയോഗം നടത്തി. സ്കൂളുകളും കോളേജുകളും സന്ദർശിച്ചു.



# സാമൂഹ്യശുശ്രൂഷ

## പേട്ട ഫെറോന

**ഓഖിദുരന്ത നിവാരണം**: തയ്യൽ മെഷീനുകൾ നൽകി ഓഖി ദുരന്ത നിവാരണ സംരംഭങ്ങളുടെ ഭാഗമായി തൂത്തൂർ ഫെറോന പ്രദേശത്ത് വള്ളവിള ഇടവകയിൽ നടന്നുവരുന്ന തയ്യൽ പരിശീലന കേന്ദ്രത്തിന് വിവിധതരം തയ്യൽ മെഷീനുകൾ പേട്ട ഫെറോനയിലെ ശ്രീകാര്യം ഇടവക സംഭാവന നൽകി. നേരത്തേ ശ്രീകാര്യം ഇടവക പ്രതിനിധികൾ ഈ തയ്യൽ കേന്ദ്രം സന്ദർശിച്ച് ധനസഹായം നൽകിയിരുന്നു.

**ഫാ. ക്രിസ്റ്റഫർ കുരിയാപ്പിള്ളി** — കോഓർഡിനേറ്റർ

**ബിയാട്രിസ് ഗേർട്ടി** — ആനിമേറ്റർ

## പാളയം ഫെറോന

ഫെറോന എക്സിക്യൂട്ടീവ് യോഗങ്ങൾ മെയ് 6, ജൂൺ 3 തീയതികളിൽ നടന്നു. വിവിധ ഉപസമിതികളെ ശക്തിപ്പെടുത്തുന്ന തിനാവശ്യമായ പ്രവർത്തനങ്ങൾ പ്ലാൻ ചെയ്തു പ്രാവർത്തിക മാക്കി.

**ഇടവകാതല യോഗങ്ങൾ**: മെയ് മാസം ഫെറോനയിലെ 16 ഇടവകകളിൽ യോഗങ്ങൾ നടന്നു. നന്തൻകോട്, ക്രിസ്തുരാജപുരം യോഗങ്ങൾ നടന്നില്ല.

**അടിസ്ഥാനസൗകര്യവികസനം:** തൈക്കാട് ഇടവകയിൽ നിന്നും ടോയ്‌ലറ്റ് നിർമ്മാണത്തിന് 2 അപേക്ഷകൾ ലഭിച്ചു. ഇതിൽ ഇടവക റ്റി.എസ്.എസ്.എസ് സെക്രട്ടറിയുമായി ആനിമേറ്റർ ഭവനം സന്ദർശിച്ചു. വിവരങ്ങൾ തിരക്കി, റിപ്പോർട്ട് രൂപതാ റ്റിഎസ്എസ്എസ്സിൽ സമർപ്പിച്ച് നിർമ്മാണാനുമതി നൽകി.

**സ്വയം സഹായ സംഘങ്ങളും സാമ്പത്തിക ഉന്നമനവും**: 22 സംഘങ്ങൾ 16 ഇടവകകളിലായി പ്രവർത്തിച്ചുവരുന്നു. പ്രതിമാസം രണ്ടാം ശനിയാഴ്ച ഫെറോന യോഗങ്ങൾ നടത്തുകയും ഇടവകാതല റിപ്പോർട്ടുകൾ അവതരിപ്പിച്ച് വിലയിരുത്തലും ഉണർവ്വ് പഠന പത്രികാവബോധവും നൽകുന്നു.

എസ്.എച്ച്.ജി ഇടവകാതല ഫെഡറേഷൻ യോഗങ്ങൾ 3/3 നടന്നു. വിവിധ സംഘങ്ങളിൽ നിന്നും 2,35,000 രൂപ നിക്ഷേപ ലോൺ അംഗങ്ങൾക്ക് നൽകി.

മെയ് 12 ന് എസ്.എച്ച്.ജി അംഗങ്ങൾക്ക് 'സ്ത്രീകളുടെ മാനസിക പ്രശ്നങ്ങളും പരിഹാര മാർഗ്ഗങ്ങളും' എന്ന വിഷയത്തിന്മേൽ ലയോള കോളേജ് കൗൺസിലർ ശ്രീമതി. പുഷ്പഭായ് ക്ലാസെടുത്തു. 46 പേർ ക്ലാസിൽ പങ്കെടുത്തു.

ജൂൺ 9 ന് വെള്ളയമ്പലത്ത് വച്ച് ഫെറോന അംഗങ്ങൾക്ക് 'ചക്കകൊണ്ടുള്ള വിവിധതരം പലഹാരങ്ങൾ' ഉണ്ടാക്കുന്നതിനുള്ള ഏകദിന പരിശീലനം നൽകി.

**കാരുണ്യപൂർവ്വം പദ്ധതി**: കാരുണ്യ പദ്ധതി വഴി 26 കുടുംബ ങ്ങൾക്ക് 900 രൂപ വീതം ബാങ്കിൽ പ്രതിമാസം നിക്ഷേപിച്ചു വരുന്നു.

**തൊഴിൽകാര്യ കമ്മീഷൻ**

കെ.എൽ.എം ഫെറോനതല യോഗങ്ങൾ പ്രതിമാസം രണ്ടാം ശനിയാഴ്ചകളിൽ നടന്നുവരുന്നു.

മെയ് 1 ന് രൂപതാതലത്തിൽ നടത്തിയ തൊഴിലാളി ദിനാഘോഷ ത്തിൽ വച്ച് തൃക്കണ്ണാപുരം ഇടവകയിലെ കെട്ടിട നിർമ്മാണ തൊഴിലാളി ശ്രീ.ജോർജ്ജ്, കുലശേഖരം ഇടവകയിലെ തയ്യൽ തൊഴിലാളി ശ്രീമതി. ജയ എന്നിവരെ പണിയുപകരണ ങ്ങൾ നൽകി ആദരിച്ചു.



മെയ് 12 ന് അംഗങ്ങൾക്ക് ഫെറോനതലത്തിൽ 'തൊഴിൽ നിയമങ്ങളും അവകാശങ്ങളും എന്ന വിഷയത്തിന്മേൽ റിട്ട.അഡീ.ലേബർ കമ്മീഷണർ അഡ്വ.എം. വീരകുമാർ ക്ലാസ് നൽകി.

മെയ് 25 ന് കുന്നുകുഴി കമ്മ്യൂണിറ്റി ഹാളിൽ വച്ച് പാളയം ഇടവകാ അംഗങ്ങൾക്ക് 'ഉറവിട മാലിന്യ സംസ്ക്കരണം' എന്ന വിഷയത്തിന്മേൽ ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ ഷിബു ക്ലാസെടുത്തു.

ജൂൺ 10 ന് വെള്ളയമ്പലത്ത് വച്ച് ഫെറോന കെ.എൽ.എം അംഗങ്ങൾക്ക് ജൈവകൃഷി, അടുക്കളത്തോട്ട നിർമ്മാണം എന്നിവയെക്കുറിച്ച് ക്ലാസ് നൽകുകയും വിത്ത്, വളം, ഗ്രേബാഗ്, വൃക്ഷതൈകൾ എന്നിവ വിതരണം നടത്തുകയും ചെയ്തു.

**ആരോഗ്യകാര്യ കമ്മിഷൻ**

തൈക്കാട് ഇടവകയിൽ കാരക്കോണം മെഡിക്കൽ കോളേജിന്റെ സഹകരണത്തോടെ സൗജന്യ നേത്ര ചികിത്സാ ക്യാമ്പ് നടത്തി. 150 ഓളം അംഗങ്ങൾ പങ്കെടുത്തു.

മെയ് 5 ന് ഫെറോനയിലെ ഭിന്നശേഷിക്കാരായ കുട്ടികളുടെ ഭവനങ്ങൾ രൂപത ഹെൽത്ത് കോ-ഓർഡിനേറ്ററിനോടൊപ്പം പോയി സന്ദർശിക്കുകയും 'നിരാമയ' സർക്കാർ ചികിത്സാ പദ്ധതിയിൽ അംഗത്വമെടുക്കുന്നതിന് അപേക്ഷകൾ നൽകുകയും ചെയ്തു.

മെയ് 17 ന് പാളയം ഇടവക കുന്നുകുഴി കമ്മ്യൂണിറ്റി ഹാളിൽ വച്ച് അനന്തപുരി സിറ്റി ക്ലീനിക്കിന്റെ സഹകരണത്തോടെ സൗജന്യ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു. ഡയറ്റീഷ്യൻ കൺസൾട്ടേഷൻ, ഹെപ്പറ്റൈറ്റീസ് രോഗനിർണ്ണയം, ലീവർസ്കാൻ കാർഡിയോ ഡയബറ്റിക് എന്നീ പരിശോധനകൾ നടത്തി. ബോധവത്ക്കരണ ക്ലാസ് നൽകി.

മെയ് 20 ന് കാഞ്ഞിരംപാറ ഇടവകയിൽ മനോസംഘർഷ ലഘൂകരണം എന്ന വിഷയത്തിന്മേൽ ക്ലാസ് നൽകി.

രൂപതാ റ്റി.എസ്.എസ്.എസ് വഴി ലഭിച്ച നിപ്പാ ലീഫ് ലെറ്റ് ഇടവകകളിൽ നിതരണം നടത്തി.

**സ്ത്രീകളും കുട്ടികളും കമ്മീഷൻ**

വെള്ളയമ്പലം ഇടവകയിൽ 10 വിധവകൾക്ക് പ്രതിമാസം 500 രൂപ വീതം സഹായം നൽകി വരുന്നു

ചൈൽഡ് പാർലമെന്റ് യോഗങ്ങൾ പ്രതിമാസം നടന്നു വരുന്നു

മഴക്കാല രോഗങ്ങൾ, കൊതുകിന്റെ ഉറവിടനശീകരണം, പകർച്ച പനി എന്നീ വിഷയങ്ങളിൽ കുട്ടികൾക്ക് ക്ലാസ് നൽകി.

മലമുകൾ ഇടവകയിൽ പ്രതിമാസം കുട്ടികൾ പൊതിച്ചോറ് കളക്ട് ചെയ്ത് വിളപ്പിൽശാല ആശ്വാസ്ഭവനിലെ അന്തേവാസികൾക്ക് നൽകി വരുന്നു.

വെള്ളയമ്പലം, മലമുകൾ എന്നിവിടങ്ങളിൽ ചൈൽഡ് പാർലമെന്റ് കുട്ടികൾക്കായി ജീവിതനൈപുണ്യ സെമിനാർ സംഘടിപ്പിച്ചു. ശ്രീ. ബേബി പ്രഭാകരൻ, ശ്രീ.ഷിബു എന്നിവർ ക്ലാസ് നൽകി.

കുട്ടികൾക്ക് മോക്ക് പാർലമെന്റ് നടത്തി. ചൈൽഡ് ലൈൻ ബോധവത്ക്കരണം ശ്രീമതി. അന്നറീറ്റ നൽകി.

**മദ്യവിരുദ്ധ പ്രവർത്തനങ്ങൾ**

നെട്ടയം ഇടവകയിൽ അംഗങ്ങൾക്ക് ലഹരി വിരുദ്ധ ബോധവത്ക്കരണ ക്ലാസ് നൽകി. തിരു.എക്സൈസ് പ്രിവന്റീവ് ഓഫീസർ ശ്രീ. അനിൽകുമാർ ആണ് ക്ലാസ് എടുത്തത്.



പാളയം ഇടവകയിൽ ഗ്രാമദീപം പരിപാടി സംഘടിപ്പിച്ചു. 2018 മെയ് 14-ാം തീയതി മുതൽ 20-ാം തീയതി വരെ നീണ്ടുനിന്ന ലഹരി വിരുദ്ധ ക്യാമ്പയിൻ-ന്റെ ഉദ്ഘാടനം മുൻ ഇടവകവികാരി റവ.ഫാ.ജോർജ്ജ് ഗോമസ് നിർവഹിച്ചു. ബോധവത്ക്കരണ ക്ലാസുകൾ, എക്സിബിഷൻ, ഷോർട്ട് ഫിലിം പ്രദർശനം, തെരുവ് നാടകം, നാടകം, മെഡിക്കൽ ക്യാമ്പ്, ബൈക്ക് റാലി എന്നിവ വിവിധ ദിവസങ്ങളിൽ സംഘടിപ്പിച്ചു. സമാപന പൊതുസമ്മേളനം കുന്നുകുഴി സെന്റ് സെബാസ്റ്റ്യൻ ചാപ്പലിൽ വച്ച് ഇടവകവികാരി മോൺ.റവ.ഫാ.നിക്കോളസ് ഉദ്ഘാടനം ചെയ്തു.

**ഫാ. ക്ലീറ്റസ്** — **രമ്യാ ജോസ്**
കോഓർഡിനേറ്റർ — ആനിമേറ്റർ

## വലിയതുറ ഫെറോന

**നീതി സമാധാന വിതസന കമ്മീഷൻ**

**കാര്യശേഷി വികസന വിഭാഗം**

ഫെറോന റ്റിഎസ്എസ്എസ് എക്സിക്യൂട്ടീവ് യോഗം മെയ് 12, ജൂൺ 2 തീയതികളിൽ തോപ്പ് ഫെറോന സെന്ററിൽ വച്ച് നടന്നു. ഫെറോന കോർഡിനേറ്റർ ഫാ. പോൾ ജി യുടെ അദ്ധ്യക്ഷതയിൽ നടന്ന യോഗത്തിൽ ഇടവക ഫെറോനതല പ്രവർത്തനങ്ങൾ വിലയിരുത്തി. തൊഴിലാളി ദിനാചരണം, പരിസ്ഥിതി ദിനാചരണം ഇവ നടത്തുവാൻ തീരുമാനിച്ചു.

ഫെറോന ജോയിന്റ് ആനിമേറ്റേഴ്സ് യോഗം മെയ് 28 ന് ഫെറോന വികാരി ഫാ. സൈറസ് അച്ചന്റെ അദ്ധ്യക്ഷതയിൽ നടന്നു. പ്രവർത്തകരുടെ റിപ്പോർട്ടുകൾ വിലയിരുത്തി നിർദ്ദേശങ്ങൾ നൽകി.

ഇടവകതല എക്സിക്യൂട്ടീവ് യോഗങ്ങൾ 8/10, 9/10 എന്നീ ക്രമത്തിൽ നടന്നു. പ്ലാൻ & ബഡ്ജറ്റ് അനുസരിച്ച് പരിപാടികൾ നടത്തുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകി.

സെന്റ് സേവ്യഴ്സ് ഇടവകയിൽ സൈബർ ക്രൈം ബോധവത്ക്ക രണം ജൂൺ 10 ന് മതബോധന വിദ്യാർത്ഥികൾക്ക് നൽകി. ചെറിയതുറ ഇടവകയിൽ പരിസ്ഥിതി ദിനാചരണത്തിന്റെ ഭാഗമായി വിത്തും വളവും ഗ്രോബാഗും നൽകി. ചെറുവെട്ടുകാട് ഇടവകയിൽ ലിറ്റിൽബോയ് നേതൃത്വത്തിൽ ജനറൽ ഹോസ്പിറ്റലിലെ 77 രോഗികൾക്ക് ബഡ്ഷീറ്റ്, സോപ്പ് ഇവ നൽകി.

**അടിസ്ഥാന സൗകര്യവികസനം:** ബിഎസ്‌യുപി - ഭവന പദ്ധതി പ്രകാരം ലഭിച്ചതിൽ 7 ഭവനങ്ങളുടെ പണി പൂർത്തിയായി. പുതുതായി 21 അപേക്ഷകൾ നൽകി. ഫെറോനയിലുള്ള കാരുണ്യപൂർവ്വം പദ്ധതിയിൽപ്പെട്ട തോപ്പ് ഇടവകയിലെ ഒരംഗത്തിന് ഫാ. ജസ്റ്റിൻ ജൂഡ് അവർകളുടെ നേതൃത്വത്തിൽ നടത്തുന്ന സാന്താ മരിയ ഭവന നിർമ്മാണ പദ്ധതിയുടെ ഭാഗമായി ജൂൺ 17 ന് രൂപതാ സാമൂഹ്യ ശുശ്രൂഷാ ഡയറക്ടർ റവ.ഫാ.ലെനിൻരാജ് അവർകളുടെ നേതൃത്വത്തിൽ ഭവനനിർമ്മാണത്തിന് തറക്കല്ലിട്ടു.

**സ്വയം സഹായ സംഘങ്ങളും സാമ്പത്തിക ഉന്നമനവും:** മെയ് 15, ജൂൺ 19 എന്നീ തീയതികളിലായി വെട്ടുകാട് കൊച്ചുതോപ്പ് ഇടവകകളിലായി ഫെറോന യോഗങ്ങൾ നടന്നു. വെട്ടുകാട് ഇടവകയിൽ രൂപത എസ്എച്ച്ജി കോർഡിനേറ്റർ ശ്രീമതി. അന്നറീത്തയുടെ സാന്നിദ്ധ്യം ഉണ്ടായിരുന്നു.

കുടുംബബന്ധങ്ങളുടെ മഹനീയത എന്ന വിഷയത്തിന്മേൽ ശ്രീമാൻ ബ്രിട്ടോസാർ ക്ലാസ് നൽകി. 5/7, 6/7 എന്നീ ക്രമത്തിൽ ഇടവക ഫെഡറേഷൻ യോഗങ്ങൾ നടന്നു. സ്വയം തൊഴിൽ



ചെയ്യുന്ന ഫെറോനയിലുള്ള സെന്റ് സേവ്യഴ്സ്, കൊച്ചുതോപ്പ് ഇടവകയിലുള്ള 3 ഗ്രൂപ്പുകളെ ഉൾപ്പെടുത്തി മെയ് 9 ന് പാളയം സെന്റ് സെവ്യഴ്സ് കമ്പ്യൂട്ടർ സെന്ററിനു മുമ്പിൽ സ്റ്റാൾ തുടങ്ങി. എസ്എച്ച്ജി റിന്യൂവൽ ഫണ്ടിൽ നിന്നും 50000 രൂപ ലോൺ നൽകികൊണ്ട് റവ.ഫാ. ലെനിൻരാജ് ഉദ്ഘാടനം നിർവ്വഹിച്ചു. വിവിധയിനം ക്ലീനിംഗ് പൗഡേഴ്സ്, ലിക്വിഡ്, ധാന്യപ്പൊടികൾ, കറിപൗഡറുകൾ, വെളിച്ചെണ്ണ, തെങ്ങ, വിവിധയിനം പലഹാരങ്ങൾ ഇവ വില്പന നടത്തുന്നു.

നിക്ഷേപത്തുകയിൽ നിന്നും 2,75000 രൂപ നിക്ഷേപ ലോൺ നൽകി.

**സെവ് എ ഫാമിലി:** നിലവിലുള്ള കുടുംബങ്ങൾ - 39, മെയ് 16 ന് വലിയതുറ, കണ്ണാന്തുറ ഏര്യകളിലായി സെൻട്രൽ ലവൽ യോഗങ്ങൾ നടന്നു. ആനിമേറ്റർമാർ ക്ലാസ്സുകൾ നൽകി. സ്പോൺസേഴ്സ് ലറ്ററുകൾ കളക്ട് ചെയ്തു. ഫെറോന ആനിമേറ്റർ ഷീജയുടെ സാന്നിദ്ധ്യം ഉണ്ടായിരുന്നു. ബനഫാക്ടേഴ്സിന് അയക്കേണ്ട കത്തുകൾ കളക്ട് ചെയ്ത് കോർഡിനേറ്ററിനെ ഏൽപ്പിച്ചു. സ്പെഷ്യൽ ഗിഫ്റ്റ് ഒരാൾക്ക് ലഭിച്ചു. 18 കുടുംബങ്ങൾ ആനിമേറ്റർ സജിത സന്ദർശിച്ചു.

**തൊഴിൽകാര്യകമ്മീഷൻ**

**മത്സ്യക്കച്ചവടസ്ത്രീഫോറം-** ആകെ യൂണിറ്റ്-8: മെയ് 13, ജൂൺ 10 എന്നീ തീയതികളിലായി തോപ്പ്, കൊച്ചുവേളി എന്നീ ഇടവകകളിൽ വച്ച് ഫെറോനയോഗം നടന്നു. തൊഴിലാളിദിനം മാതൃദിനം ഇവ ചർച്ച ചെയ്തു. പരിസ്ഥിതി ദിനത്തെക്കുറിച്ച് ചർച്ച ചെയ്തു. വീടും പരിസരവും വൃത്തിയായി സൂക്ഷേക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ഫോറം കോർഡിനേറ്റർ ശ്രീമതി ലിസ്സിബനഡിക്ട് വിശദീകരണം നൽകി. 8/8 എന്ന ക്രമത്തിൽ

യൂണിറ്റ് യോഗങ്ങൾ നടന്നു.

**തൊഴിലാളിദിനവും മാതൃദിനാഘോഷവും:** മെയ് 13 ന് മത്സ്യക്കച്ചവട സ്ത്രീഫോറവും മത്സ്യത്തൊഴിലാളി ഫോറവും (റ്റിഎംഎഫ്) ചേർന്ന് തോപ്പ് ഫെറോന ഓഫീസിൽ വച്ച് തൊഴിലാളി ദിനാചരണവും മാതൃദിനാഘോഷവും സംഘടിപ്പിച്ചു. റവ.ഫാ.പോൾ ജി യുടെ അദ്ധ്യക്ഷതയിൽ ഫെറോന വികാരി റവ.ഫാ.സൈറസ് കളത്തിൽ ഉദ്ഘാടനം ചെയ്തു. രൂപത സ്ത്രീശിശുവിഭാഗം കോർഡിനേറ്റർ റവ.സി.ഷിജി ആശംസകൾ അർപ്പിച്ചു. 150 പേർ പങ്കെടുത്ത പരിപാടിയിൽ സാമൂഹ്യ ശാസ്ത്രജ്ഞൻ എ.ജെ.വിജയൻ - തീരപരിപാലന നിയമത്തിന്റെ കരട് രേഖ അവതരിപ്പിച്ചു. ഫെറോന സ്റ്റാഫംഗങ്ങൾ പങ്കെടുത്തു.

**വായ്പാവിതരണം** - മേയ് മാസം ചെറിയതുറ ഇടവകയിലുള്ള 16 അംഗങ്ങൾക്ക് 3,30000/- വേളി ഇടവകയിൽ 6 പേർക്ക് 1,20,000/- തോപ്പ് ഇടവകയിൽ 3 പേർക്ക് 75000/- എന്നീ ക്രമത്തിൽ 5,25,000 രൂപയും ജൂൺ മാസം കൊച്ചുതോപ്പ് ഇടവകയിൽ 2,40000 രൂപയും വിതരണം ചെയ്തു.

**മത്സ്യത്തൊഴിലാളി ഫോറം (റ്റിഎംഎഫ്)** - ന്റെ ഭാഗമായി മെയ് 4, ജൂൺ 17 എന്നീ തീയതികളിലായി ഫെറോന കോർഡിനേറ്റർ ഫാ.പോൾ ജി യുടെ അദ്ധ്യക്ഷതയിൽ ഫെറോന യോഗങ്ങൾ തോപ്പ് ഫെറോന ഓഫീസിൽ വച്ച് നടന്നു. ഇടവകതലപ്രവർത്തന ങ്ങൾ വിലയിരുത്തി. ചെറിയതുറ, കൊച്ചുതോപ്പ്, തോപ്പ് ഇടവക കളിൽ യൂണിറ്റ് യോഗങ്ങൾ നടന്നു. ചെറിയതുറ ഇടവകയിൽ രൂപത റ്റിഎംഎഫ് കോർഡിനേറ്റർ ശ്രീ തദ്ദേവൂസിന്റെ സാന്നിദ്ധ്യം ഉണ്ടായിരുന്നു. എസ്എച്ച്ജി പ്രവർത്തനങ്ങൾ നടന്നുവരുന്നു.

**ഓഖിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ**: മെയ് 8 ന് രൂപത കോർഡിനേറ്റർ റവ.സി.ജനസ്റ്റസ്, ആനിമേറ്റർ ലിസി എന്നിവർ



ചേർന്ന് ഭവനസന്ദർശനം നടത്തി. സ്വയം തൊഴിൽ സംരംഭത്തെ ക്കുറിച്ച് അംഗങ്ങളുമായി ചർച്ച നടത്തി. തിരികെ എത്തിയ 2 വ്യക്തികളെ തുടർചികിത്സക്കായി ജൂബിലി ഹോസ്പിറ്റലിൽ എത്തിച്ചു.

28/5/2018 ൽ തോപ്പിലെ ഫെറോന ഓഫീസിൽ വച്ച് ഓഖിയിൽപ്പെട്ടവരുടെ 5 വയസ്സിനു താഴെയുള്ള കുട്ടികൾക്കായി നൽകിയ ഹെൽത്ത് മിക്സ് വലിയതുറ വെട്ടുകാട് ഇടവകളിലുള്ള 2 കുട്ടികൾക്ക് സി.ജനസ്റ്റസ്, സി.ഷിജി എന്നിവർ ചേർന്ന് നല്കി.

15/6/2018 ൽ ഫെറോന ഓഫീസിൽ വച്ച് ഫെറോന വികാരിയുടെയും ഫെറോന കോർഡിനേറ്ററിന്റെയും സാന്നിദ്ധ്യത്തിൽ ഓഖിയിൽപ്പെട്ടവരുടെ കുടുംബാംഗങ്ങളുടെ സ്വയം തൊഴിൽസംരംഭം നടത്തുന്നതിനായുള്ള കൂടിവരവ് നടത്തി. രൂപത കോർഡിനേറ്റർമാരായ സി.ജനസ്റ്റസ്, സി.ഷിജി എന്നിവർ നേതൃത്വം നൽകി. അവർ ചെയ്യുന്ന സ്വയംതൊഴിൽ സംരംഭങ്ങ ളെക്കുറിച്ച് വിശദീകരിക്കുകയും മുതൽ മുടക്കുകളെ ക്കുറിച്ച് ചർച്ച ചെയ്യുകയും ചെയ്തു.

19/6/18 ൽ ആനിമേറ്റർ ലിസി, രൂപത കോർഡിനേറ്റർ എന്നിവർ ചേർന്ന് വലിയതുറ, വെട്ടുകാട്, കൊച്ചുവേളി എന്നീ ഇടവകകളിലുള്ള ഓഖിയിൽപ്പെട്ട ഭവനങ്ങൾ സന്ദർശിച്ചു.

ഓഖിയിൽ കാണാതായി ബോഡി ലഭിക്കാത്ത 9 പേർക്ക് മരണ സർട്ടിഫിക്കറ്റിനായി രൂപതയിൽ നിന്നും ലഭിച്ച ഫോമുകൾ പൂരിപ്പിച്ചു നൽകി.

**ആരോഗ്യകാര്യ കമ്മീഷൻ:** 27/5/18, 9/5/18, 19/6/18 എന്നീ തിയതികളിലായി ചെറുവെട്ടുകാട്, വെട്ടുകാട്, കൊച്ചുതോപ്പ് എന്നീ ഇടവകകളിലുള്ള എസ്എച്ച്ജി ചൈൽഡ് പാർലമെന്റ്

അംഗങ്ങൾക്കായി ഹെൽത്ത് അവയർനസ്സ് നൽകി. 17/5/18 ൽ തോപ്പ്, കൊച്ചുതോപ്പ്, വലിയതുറ എന്നീ ഏര്യകകളിലുള്ള 6 കിടപ്പുരോഗികൾക്ക് പാലിയേറ്റിക് സഹായം ലഭ്യമാക്കി.

16,17 തീയതികളിലായി വലിയതുറ, തോപ്പ് ഏര്യകളിൽ തിരുവനന്തപുരം നഗരസഭയുടെ കീഴിൽ മഴക്കാല രോഗങ്ങളെക്കുറിച്ച് തെരുവുനാടകം, മാജിക് ഷോ ഇവ നടത്തി.

നിപ്പ വൈറസിനെക്കുറിച്ച് എല്ലാ ഇടവകയിലും രൂപതയിൽ നിന്നും ലഭിച്ച ലീഫ്ലെറ്റ് വിതരണം ചെയ്തു. 7/5/18 ൽ വലിയതുറ വിഎഫ്എ ഹാളിൽ വച്ച് വയോമിത്രം ക്യാമ്പ് നടന്നു. 65 പേർ പങ്കെടുത്തു.

എസ്എൽഎഫ് പ്രോജക്ടിൽപ്പെട്ട കുട്ടികളുടെ ഭവനം ഹെൽത്ത് ആനിമേറ്റർ സന്ദർശിച്ചു.

തോപ്പ് ഇടവകയിലുള്ള മേരിമാതാ ഡിസ്പെൻസറയിൽ വച്ച് റോട്ടറി ക്ലബും എഫ്പിഎ1യും സംയുക്തമായി സൗജന്യമെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുന്നു. തിങ്കൾ മുതൽ വെള്ളി വരെ 2.30 മുതൽ 5.30 വരെയായി നടത്തുന്നു പ്രസ്തുത പരിപാടിയുടെ വിശദീകരണം ഡോ.ശോഭ പ്രവർത്തകർക്ക് നൽകി. ഡയാലിസിസ്, ഹാർട്ട് ഓപ്പറേഷൻ ഇവ 100 പേർക്ക് സൗജന്യമായി നൽകുമെന്ന് അറിയിക്കുകയും ചെയ്തു. ഫെറോന വികാരിയെ കണ്ട് കാര്യങ്ങൾ അറിയിക്കുകയും ചെയ്തു.

**സ്ത്രീകളും കുട്ടികളും:** വിധവഫോറം: തോപ്പ് ഇടവകയിൽ എല്ലാ മാസവും ആദ്യ ഞായറാഴ്ച നടന്നു വരുന്നു.



**ചൈൽഡ് പാർലമെന്റ്**

വേളി, ചെറുവെട്ടുകാട് ഇടവകകളിൽ ചൈൽഡ് പാർലമെന്റ് യോഗങ്ങൾ നടന്നു. ചെറുെട്ടുകാട് ഇടവകയിൽ രൂപത ഹെൽത്ത് കോർഡിനേറ്റർ റവ.സി.അഡോൾഫ കുട്ടികൾക്ക് ഫാസ്റ്റ്ഫുഡ് ന്റെ ദൂഷ്യഫലങ്ങളെക്കുറിച്ച് ക്ലാസ് നൽകി.

17/6/2018 ൽ ചെറിയതുറ ഇടവകയിൽ ചൈൽഡ് പാർലമെന്റ് യോഗം നടന്നു. ഇടവകവികാരി റവ.ഫാ.ജെറോം റോസ് ഉദ്ഘാടനം ചെയ്തു. ഫെറോന ആനിമേറ്ററിന്റെ സാന്നിദ്ധ്യം ഉണ്ടായിരുന്നു. ശ്രീമാൻ ജോയ് സാർ ക്ലാസ് നൽകി.

**മദ്യവിരുദ്ധ പ്രവർത്തനങ്ങൾ:** 22/5/18 ൽ ഫെറോന യോഗം കോർഡിനേറ്റർ റവ.ഫാ.പോൾ.ജി അവർകളുടെ അദ്ധ്യക്ഷതയിൽ നടന്നു. ഇടവക പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച ചെയ്തു. മുക്തിധ്യാനത്തെക്കുറിച്ച് വിശദീകരിച്ചു. മുക്തിധ്യാനത്തിൽ ആൾക്കാരെ പങ്കെടുപ്പിക്കുന്നതിനായി ഇടവകതലത്തിൽ ലിസ്റ്റ് ശേഖരിക്കാൻ തീരുമാനിച്ചു.

ജൂൺ 26 ലോക ലഹരി വിരുദ്ധ ദിനത്തോടനുബന്ധിച്ച് വെട്ടുകാട് സ്കൂളിൽ ബോധവത്ക്കരണം നൽകുന്നതിന് തീരുമാനിച്ചു.

**പരിസ്ഥിതി സംരക്ഷണം:** ഫെറോന റ്റിഎസ്എസ്എസ് എക്സിക്യൂട്ടീവ് അംഗങ്ങളുടെ നേതൃത്വത്തിൽ ചെറുവെട്ടുകാട് ഇടവകയിൽ വച്ച് 5/6/18 ൽ പരിസ്ഥിതി ദിനാചരണം നടത്തി. ഫെറോനവികാരി റവ.ഫാ.സൈറസ് കളത്തിലിന്റെ ഉദ്ഘാടനം

നിർവഹിച്ചു. പരിപാടിയിൽ റവ.ഫാ.പോൾ ജി അവർകൾ ആമുഖാവതരണം നടത്തി. വെട്ടുകാട് വാർഡ് കൗൺസിലർ ശ്രീമതി. മേരി ലില്ലിരാജന് ഫെറോന സി. പ്രതിനിധി സി. സലോമി എന്നിവർ ആശംസകൾ അറിയിച്ചു. ക്രിയാത്മകമായി കാര്യങ്ങൾ ചെയ്യുക, ഇടവകകളിൽ പ്ലാസ്റ്റിക് വിമുക്തമാക്കുകയും മരം നടുന്നതിലൂടെ പ്രകൃതി സംരക്ഷനം ഉറപ്പാക്കുക എന്നീ ചിന്തകളിലൂടെ വൃക്ഷത്തൈകൾ നട്ടുപിടിപ്പിച്ചു. 10 ഇടവകകൾക്കുമായി 75 വൃക്ഷത്തൈകൾ വിതരണം ചെയ്തു.

രൂപതയിൽ നിന്നും ലഭിച്ച 20 വൃക്ഷത്തൈകൾ കൊച്ചുവേളി, വലിയതുറ ഇടവകകൾക്കു നൽകി. കൂടാതെ വിത്തു ഗ്രോബാഗ് ഇവ ചെറിയതുറ, ചെറുവെട്ടുകാട് ഇടവകകൾക്കു നല്കി.

10/10 ഇടവകകളും ആനിമേറ്റർമാർ സന്ദർശിച്ചു. ആവശ്യമായ നിർദ്ദേശങ്ങൾ രൂപത ഡയറക്ടർ, കോർഡിനേറ്റർ മാർ ഫെറോനവികാരി, ഫെറോന കോർഡിനേറ്റർ എന്നിവർ നൽകി വരുന്നു.

| | |
|---|---|
| **ഫാ. പോൾ.ജി** | **ഷീജ റ്റി.സി** |
| കോഓർഡിനേറ്റർ | ആനിമേറ്റർ |



# അല്മായ ശുശ്രൂഷ

**അല്മായ കമ്മിഷൻ ദ്വിദിന സമ്മേളനം**

കെ.ആർ.എൽ.സി.ബി.സി. അല്മായ കമ്മിഷന്റെ നേതൃത്വത്തിൽ 2018 ജൂൺ 16,17 തീയതികളിൽ എറണാകുളം പാസ്റ്ററൽ ഓറിയന്റേഷൻ സെന്ററിൽ നടന്ന ദ്വിദിന സമ്മേളനത്തിൽ അല്മായ ശുശ്രൂഷാ ഡയറക്ടറും വിവിധ സമുദായ സംഘടനക ളുടെ പ്രതിനിധികളും പങ്കെടുത്തു. അല്മായ ശുശ്രൂഷയെപ്പറ്റിയും ദശവത്സര പദ്ധതിയെപ്പറ്റിയും അവലോകനം നടന്നു. ആഗതമാകുന്ന തദ്ദേശ സ്വയംഭരണ തെരഞ്ഞെടുപ്പ് മുന്നിൽ കണ്ടുകൊണ്ട് ആവിഷ്ക്കരിക്കേണ്ട നടപടികളെപ്പറ്റി വിശദമായ ചർച്ചകൾ രൂപതാടിസ്ഥാനത്തിൽ നടന്നു.

**2020 ലെ തദ്ദേശ സ്വയംഭരണ തെരഞ്ഞെടുപ്പ്:**

പഞ്ചായത്ത് ത്രിതല സംവിധാനം പോലെ, ഭരണ വികേന്ദ്രീകരണ നടപടികൾ തിരുവനന്തപുരം അതിരൂപതയിൽ തുടക്കം കുറിച്ചിരിക്കുകയാണ്. അതിരൂപതയിൽ കേന്ദ്രീകരിച്ചിരുന്ന പല അധികാരങ്ങളും ഇന്ന് ഫെറോനകൾക്ക് കൈമാറിയിരിക്കുന്നു. ഫെറോനാ കൗൺസിലും ഇടവക കൗൺസിലും കൂടുതൽ ഉത്തരവാദിത്വങ്ങൾ ഏറ്റെടുത്ത് നിർവഹിക്കേണ്ട സാഹചര്യം നിലവിൽ വന്നിരിക്കുകയാണ്. മേൽസാഹചര്യത്തിൽ, 2020 ലെ തദ്ദേശ സ്വയം ഭരണ തെരഞ്ഞെടുപ്പ് മുന്നിൽ കണ്ടുകൊണ്ടുള്ള മുന്നൊരുക്ക പ്രവർത്തനങ്ങൾ നടത്താൻ ഫെറോനാ കൗൺസിലുകൾ ഉണർന്ന് പ്രവർത്തിക്കേണ്ട സമയമാണിത്. ഇതിന് നേതൃത്വം നൽകേണ്ട ചുമതല രാഷ്ട്രീയ കാര്യസമിതിക്കാണ്. വിശദമായ രൂപരേഖ ഫെറോനകൾക്ക് അയച്ചുതരുന്നതാണ്.

**സെന്റ് വിൻസന്റ് ഡി പോൾ സൊസൈറ്റി:**

സെന്റ് സേവ്യേഴ്സ് കോൺഫറൻസിന്റെ നേതൃത്വത്തിൽ ഇടവകയിലെ നിർദ്ധനരായ കുടുംബങ്ങൾക്ക് തയ്യൽ മെഷീനുകൾ, വിദ്യാർത്ഥികൾക്കും തൊഴലാളികൾക്കും സൈക്കിളുകൾ എന്നിവ വിതരണം ചെയ്തു. കോൺഫറൻസ് അദ്ധ്യക്ഷൻ സുജൻ സുരേഷിന്റെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ഇടവക വികാരി ഫാ.ജോസഫ് വലിയപറമ്പിൽ സ്കോളർഷിപ്പുകൾ, പഠനോപകരണങ്ങൾ, ധനസഹായം, ഭക്ഷണ കിറ്റുകൾ എന്നിവയും വിതരണം ചെയ്തു.

**'സമന്വയ' ബുള്ളറ്റിനിലെ**
**പ്രസിദ്ധീകരണത്തിന്**

ആഗസ്റ്റ് മാസത്തെ പ്രസിദ്ധീകരണത്തിനുള്ള വാർത്തകളും റിപ്പോർട്ടുകളും **ജൂലൈ 25 നകം** ലഭ്യമാക്കേണ്ടതാണ്. ബന്ധപ്പെട്ട ഏവരുടേയും സഹകരണം അഭ്യർത്ഥിക്കുന്നു..